# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അശമന്നൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി2-1912/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 30/06/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അശമന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി2-1912/21 തീയ്യതി: 30/06/2022

## എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ എ ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 08-12-2021 | 21-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-12-2021 | 21-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

എൻ.വിജയകുമാർ, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ജോസഫ് ജോർജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
വിജു എം എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
അനീഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

അനീഷ് ടി എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എൻ എം സലീം | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ബീന ജോസഫ് | സെക്രട്ടറി | 01-04-2019 | 02-05-2019 |
| ജാസ്മിൻ അഹമ്മദ് എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-05-2019 | 25-07-2019 |
| ഉദയ കെ | സെക്രട്ടറി | 26-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജാസ്മിൻ അഹമ്മദ് എൻ | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| അശ്വതി | കൃഷി ഓഫീസർ | 01-04-2019 | 25-09-2019 |
| സൗമ്യ സണ്ണി | കൃഷി ഓഫീസർ | 26-09-2019 | 31-03-2020 |
| ഡോ ബിജു വർഗീസ് | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ നിസരി ജോയ് | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ നതാശ ടീസ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| അമ്പിളി കെ കെ | അസിസ്റ്റൻറ് എൻജിനീയർ | 01-04-2019 | 12-04-2019 |
| ഷൈൻ | അസിസ്റ്റൻറ് എൻജിനീയർ | 13-04-2019 | 18-07-2019 |
| ശ്രീപ്രിയ | അസിസ്റ്റൻറ് എൻജിനീയർ | 19-07-2019 | 31-03-2020 |
| ഡേവിഡ് കെ എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഗീതാഞ്ജലി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 06-08-2019 |
| സിജി വർഗീസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 07-08-2019 | 31-03-2020 |
| രജിത എൻ ടി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ജെസ്സി മാനുവൽ | ഹെഡ്മിസ്ട്രസ് ഗവ യു പി | 01-04-2019 | 31-05-2019 |

| | | | |
|---|---|---|---|
| | എസ് അശമന്നൂർ | | |
| ബിന്നി വർഗീസ് | ഹെഡ്മിസ്ട്രസ്, ഇൻ ചാർജ്, ഗവ യു പി എസ് അശമന്നൂർ | 01-06-2019 | 20-08-2019 |
| ലത ശ്രീധർ | ഹെഡ്മിസ്ട്രസ് ഗവ യു പി എസ് അശമന്നൂർ | 21-08-2019 | 31-03-2020 |
| ഡോ. അനിൽ എ.ഡി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Viju M S (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 17-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 17-05-2022) | 1-3 |
| 5 | ഫണ്ട് വിശകലനം<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 17-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 17-05-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 17-05-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 17-05-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: N.Vijayakumar (Audit Officer (HG), On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 17-05-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: N.Vijayakumar (Audit Officer (HG), On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 17-05-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Aneesh T S (Auditor, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 17-05-2022) | 1-10 |
| 12 | ഗ്രാമസഭകൾ നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല<br>Written By: Aneesh R (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 17-05-2022) | 1-11 |
| 13 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല.<br>Written By: Aneesh T S (Auditor, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-12 |
| 14 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി<br>Written By: Aneesh T S (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-13 |
| 15 | സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും ലൈസൻസ്<br>Written By: Aneesh T S (Auditor, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-14 |
| 16 | ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ്<br>Written By: Aneesh T S (Auditor, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 17-05-2022) | 1-15 |

| | | |
|---|---|---|
| 17 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി<br>Written By: Aneesh T S (Auditor, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-16 |
| 18 | ഗ്രാമപഞ്ചായത്തിലെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.<br>Written By: Viju M S (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-17 |
| 19 | ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണം.<br>Written By: Viju M S (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-18 |
| 20 | ക്ഷീരകർഷകർക്ക് സബ്സിഡി- പൂർണ്ണതോതിൽ നടപ്പിലാക്കിയില്ല.<br>Written By: Viju M S (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-19 |
| 21 | ദുരന്ത നിവാരണ പ്രതിരോധ പ്രവർത്തനങ്ങളിൽ പഞ്ചായത്ത് ബദ്ധശ്രദ്ധ പുലർത്തുന്നു<br>Written By: Viju M S (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-20 |
| 22 | തായ്ക്കോണ്ടാ പരിശീലനം-അപാകതകൾ<br>Written By: Viju M S (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-21 |
| 23 | ആശ്രയ പദ്ധതിക്ക് ക്രമ വിരുദ്ധമായി തുക നല്കി.<br>Written By: Viju M S (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-22 |
| 24 | മെന്റേഴ്സ് ക്യാമ്പ് - ചെലവുതുക കിലയിൽ നിന്ന് തിരികെ ഈടാക്കിയില്ല.<br>Written By: Aneesh R (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 18-05-2022) | 1-23 |
| 25 | കുടിവെള്ള വിതരണം - അപാകതകൾ<br>Written By: Aneesh R (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-24 |
| 26 | വൃദ്ധർക്ക് കട്ടിൽ- അപാകതകൾ.<br>Written By: Viju M S (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-25 |
| 27 | ബാലസഭ-സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക നല്കി<br>Written By: Viju M S (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-26 |
| 28 | പി.എസ്.സി പരിശീലനം -അപാകതകൾ<br>Written By: Viju M S (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 18-05-2022) | 1-27 |
| 29 | ബഡ്സ് സ്കൂൾ യാത്ര സൗകര്യം -ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Viju M S (Senior Grade Auditor, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-28 |
| 30 | പ്രഭാത ഭക്ഷണം നല്കൽ - ഫണ്ട് നിയമാനുസൃതമല്ലാതെ ചെലവഴിച്ചു.<br>Written By: Viju M S (Senior Grade Auditor, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-29 |
| 31 | കൗമാരക്കാർക്ക് കൗൺസിലിംഗ് - സർക്കാർ മാനദണ്ഡപ്രകാരമല്ലാതെ തുക ചെലവഴിച്ചു<br>Written By: Joseph George (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-30 |
| 32 | അനുപൂരക പോഷകാഹാരപദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന് ബാധകമല്ലാത്ത ജി.എസ്.ടി ചുമത്തിയത് മൂലം അധിക ചെലവ്<br>Written By: Joseph George (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-31 |
| 33 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-<br>Written By: N.Vijayakumar (Audit Officer (HG), On 21-12-2021) | 1-32 |

| | | |
|---|---|---|
| | Last Updated By: Joby George (Computer Assistant, On 18-05-2022) | |
| 34 | കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല<br>Written By: N.Vijayakumar (Audit Officer (HG), On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-33 |
| 35 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തുന്നില്ല - കാലഹരണപ്പെട്ട നിക്ഷേപങ്ങളുടെ വിവരം ലഭ്യമല്ല<br>Written By: N.Vijayakumar (Audit Officer (HG), On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 18-05-2022) | 1-34 |
| 36 | ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.<br>Written By: N.Vijayakumar (Audit Officer (HG), On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-35 |
| 37 | പൂമല എസ്.സി കോളനി നവീകരണം രണ്ടാം ഘട്ടം - കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിക്കാതിരുന്നത് മൂലം അധിക ചെലവ്<br>Written By: N.Vijayakumar (Audit Officer (HG), On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 18-05-2022) | 1-36 |
| 38 | ഓഡിറ്റ് ഇംപാക്ട്<br>Written By: Joseph George (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 1-37 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പി.എസ്.സി പരിശീലനം -മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പിലാക്കി<br>Written By: Viju M S (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 3-1 |
| 2 | പ്രഭാത ഭക്ഷണം നല്കൽ - ഫണ്ട് നിയമാനുസൃതമല്ലാതെ ചെലവഴിച്ചു.<br>Written By: Viju M S (Senior Grade Auditor, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 3-2 |
| 3 | ബഡ്സ് സ്കൂൾ യാത്ര സൗകര്യം -ചെലവ് രേഖകൾ കൃത്രിമമായി ചമച്ചു<br>Written By: Viju M S (Senior Grade Auditor, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 3-3 |
| 4 | പൂമല എസ്.സി കോളനി നവീകരണം രണ്ടാം ഘട്ടം - കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിക്കാതിരുന്നത് മൂലം അധിക ചെലവ്<br>Written By: N.Vijayakumar (Audit Officer (HG), On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 18-05-2022) | 3-4 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 30-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 18-05-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾ<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 18-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joseph George (Senior Grade Auditor, On 20-12-2021) | 4-4 |

| | | |
|---|---|---|
| 5 | വായ്പ /വായ്പാതിരിച്ചടവ്<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 18-05-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Aneesh T S (Auditor, On 19-12-2021)<br>Last Updated By: Aneesh T S (Auditor, On 19-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Joseph George (Senior Grade Auditor, On 20-12-2021)<br>Last Updated By: Joseph George (Senior Grade Auditor, On 20-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Aneesh T S (Auditor, On 19-12-2021)<br>Last Updated By: Joby George (Computer Assistant, On 18-05-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Aneesh T S (Auditor, On 19-12-2021)<br>Last Updated By: Aneesh T S (Auditor, On 19-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Aneesh T S (Auditor, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 18-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: N.Vijayakumar (Audit Officer (HG), On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 18-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 13.02.2019 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ബജറ്റ് 28.02.2020ലെ 3(2)-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി പുതുക്കി അംഗീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | രസീറ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 8726394.00 | 15267856.00 | (-) 6541462.00 |
| വരവ് | 154189955.00 | 53429215.00 | (-)100760740.00 |
| ആകെ | 162916349.00 | 68697071.00 | (-)94219278.00 |
| ചെലവ് | 161664950.00 | 51309358.00 | 110355592.00 |
| നീക്കിയിരിപ്പ് | 1251429.00 | 17387713.00 | (-) 16136284.00 |

ഇ.എഫ്.എം.എസ് വഴി മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി 2.31കോടി രൂപയും, ക്ഷേമ പദ്ധതികൾക്കായി ഡി.ബി.റ്റി. വഴി 1.58കോടി രൂപയും ലഭിച്ചതുൾപ്പെടെ തനത് സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയാലും ബജറ്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ കണക്കിൽ സാരമായ വ്യത്യാസമുണ്ട്. വാർഷിക കണക്കുകൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 22.06.2020 |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1.വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2.വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി വർക്കുകളുമായി ബന്ധപ്പെട്ട് നൽകിയ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ലാത്തതുമൂലം ഇവ അഡ്വാൻസായി തുടരുകയാണ്. കൂടാതെ വാർഷിക കണക്കിലെ Advance To Other Authorised Agencies ശീർഷകത്തിലുള്ള 34420 രൂപ ക്രമീകരിച്ചിട്ടില്ല. ഇവയുടെ വിശദവിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.
3.ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിരുന്നില്ല. ഈയിനത്തിലെ വരവും തിരികെ നൽകിയ ഡെപ്പോസിറ്റുകളുടെ വിവരങ്ങളും യഥാസമയം രജിസ്റ്ററിൽ ചേർക്കുന്നില്ല. ആയതിനാൽ ഡെപ്പോസിറ്റിനത്തിൽ വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല.

4.ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും ലഭ്യമായതിലും അധികം തുക (105000/- Project 169/2020)പിൻവലിച്ചത് ക്രമീകരിച്ചിട്ടില്ല. ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതമായി ബാലൻസ് ഷീറ്റ് ബി ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന തുക ചെലവഴിക്കുന്നതിനോ പദ്ധതി നടപ്പാകാത്ത സാഹചര്യത്തിൽ തുക തിരിച്ചടക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല.

5.പഞ്ചായത്ത് ദുരിതാശ്വാസ നിധിയുടെ 31/03/2020 RP 40 (B) പ്രകാരം 95410 രൂപയും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം 105910 രൂപയുമാണ്.
6.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

7. സ്ഥിരം ജീവനക്കാരുടേത് ഒഴികെയുള്ള മറ്റ് ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം, അലവൻസുകൾ,ഭരണസമിതി അംഗങ്ങളുടെ ആനുകൂല്യങ്ങൾ, കുടിശ്ശിക കണ്ടിജന്റ് ചെലവുകൾ എന്നിവക്ക് വാർഷിക കണക്കുകളിൽ തുക

വകയിരുത്തിയിട്ടില്ല (Provisions).

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരുപ്പ് | 15267856 |
| വരവ് | 53429215 |
| ആകെ | 68697071 |
| ചെലവ് | 51309358 |
| നീക്കിയിരിപ്പ് | 17387713 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 231273 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 608831 |

## 1-4 ഫണ്ട് വിശകലനം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട് മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് (ACR) | നീക്കിയിരുപ്പ് | ചെലവഴി ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9143887 | 9143887 | 8470362 | | 673525 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4766176 | 4766176 | 3140736 | | 1625440 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 47000 | 47000 | 0 | | 47000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 17348000 | 17348000 | 4868315 | | 12479685 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 3251000 | 3251000 | 1122244 | | 2128756 |
| ധനകാര്യകമ്മീഷൻ അവാർഡ് ( UnTied) | 0 | 7323805 | 7323805 | 2144566 | | 5179239 |
| ധനകാര്യകമ്മീഷൻ അവാർഡ് ( Tied) | 0 | 0 | 0 | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ട്- | | | | | | |
| ശുചിത്വമിഷൻ | 60502 | 140000 | 200502 | 9936 | 190566 | |
| Solid Waste | 327488 | 0 | 327488 | 319326 | 8162 | |
| ICDS | 593654 | 619539 | 1213193 | 600000 | 613193 | |

2019-20 സാമ്പത്തിക വർഷം വികസന ഫണ്ട് ജനറലിൽ നിന്നും 4,36,113 രൂപയും വികസനഫണ്ട് (എസ്.സി.പി) യിൽ നിന്നും 58,824 രൂപയും സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്. കൂടാതെ വികസനഫണ്ട് ജനറലിൽ നിന്നും 3,58,726 രൂപയും വികസനഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) യിൽ നിന്നും 16,83,477 രൂപയും മെയിന്റനൻസ് ഗ്രാന്റ് (റോഡ്) 42,05,750 രൂപയും മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)27250 രൂപയും ക്യാപിറ്റൽ കോൺട്രിബ്യൂഷനായി മാറ്റിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം | പദ്ധതി അടങ്കൽ | നട പ്പാക്കി യത് എണ്ണം | പദ്ധതി ചെലവ് | ഭാഗിക മായി നട പ്പാക്കി യത്- എണ്ണം | നട പ്പാക്കാ ത്തവ എണ്ണം | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|
| 201 | 101501658 | 95 | 31756994 | 73 | 33 | 47.26% |

അംഗീകരിച്ച പദ്ധതികളുടെ 47 % മാത്രമാണ് നടപ്പിലായത്. പ്രത്യേക ഗ്രാന്റുകളല്ലാതെ പഞ്ചായത്തിന് ലഭ്യമായ ഫണ്ടിൽ 2.21 കോടി രൂപ ചെലവഴിക്കാൻ കഴിഞ്ഞില്ല.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 17110 | 1252283 | 1269393 | 1244245 | 25148.00 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (റവന്യൂ-മൂലധന ചെലവുകൾ ഉൾപ്പടെ) | | 23116759 | 23116759 | 23116759 | 0 |
| ആകെ | 17110 | 24369042 | 24386152 | 24361004 | 25148 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 17040 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 3424200 | 620 |
| വിധവാപെൻഷൻ | 3619800 | 643 |
| വാർദ്ധക്യകാല പെൻഷൻ | 7102800 | 1351 |
| വികലാംഗപെൻഷൻ | 1507800 | 265 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 181200 | 33 |
| വിവാഹധനസഹായം | 30000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.12.2021ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15293/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

3. ഫ്രണ്ട് ഓഫീസിൽ കറണ്ട് ഫയൽ ജനറേറ്റ് ചെയ്യുമ്പോൾ മാത്രമേ നിലവിൽ സൂചികയിൽ എൻട്രി വരുന്നുള്ളൂ. തീർപ്പ കൽപ്പിക്കുന്നതും വെരിഫിക്കേഷനും സംബന്ധിച്ച എൻട്രികൾ സൂചികയിൽ പ്രതിഫലിക്കുന്നില്ല. ബാക്ക് ഓഫീസ് സംവിധാനം സൂചികയിൽ പൂർണ്ണതോതിൽ പ്രവർത്തിക്കാത്തതിനാൽ ഫയലുകൾ അതത് സെക്ഷനുകളിൽ പെന്റിംഗായി കാണിക്കുന്നു.

4.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5.കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

6. പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് ഒന്നാം നിലയിൽ പ്രവർത്തിക്കുന്നതിനാൽ പ്രായമായവർക്ക് ഫീസ്, മറ്റ് പണമടവാക്കൽ, അപേക്ഷ നല്കൽ എന്നിവയ്ക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

7.മോണിട്ടറിങ്ങ്

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.09.2021 | 02/2021 മുതൽ 08/2021 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.01.2017 | 2011-12 മുതൽ 2015-16 വരെ | 09.03.2017 |

## 1-11 ഗ്രാമസഭകൾ നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല

അധികാര വികേന്ദ്രീകരണ പ്രക്രിയയിൽ വോട്ടവകാശമുള്ള മുഴുവനാളുകൾക്കും ഭരണകാര്യങ്ങളിൽ നേരിട്ട് പങ്കെടുക്കാനും അധികാരം പ്രയോഗിക്കുവാനും കഴിയുന്ന വേദിയാണ് പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭ. എന്നാൽ ഇന്നത്തെ ഗ്രാമസഭകൾ പലതും നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി പ്രവർത്തനങ്ങളിലോ ഭരണനിർവ്വഹണങ്ങളിലോ കാര്യമായി ഇടപെടുന്നില്ല. യഥാസമയം യോഗം ചേരാതിരിക്കുന്നതിനാലും ജനപങ്കാളിത്തത്തിന്റെ കുറവ് മൂലവുമാണ് ഗ്രാമസഭകൾ ഇപ്രകാരം മാറിയിട്ടുള്ളത്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. എന്നാൽ അശമന്നൂർ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 14 ഗ്രാമസഭകൾ നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല. 2019-20 വർഷത്തിൽ ആകെ രണ്ട് തവണ മാത്രമാണ് 14 ഗ്രാമസഭകളും യോഗം ചേർന്നിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| യോഗം ചേർന്ന മാസം | യോഗത്തിന്റെ അജണ്ട |
|---|---|
| 2019 ജൂലൈ | 1) ജില്ലാ, ബ്ലോക്ക് ബഞ്ചായത്തുകളിലെ വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്താക്കളെ തൊരഞ്ഞെടുക്കൽ<br>2) വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കൽ,<br>3) കമ്മ്യൂണിറ്റി റസ്ക്യൂ വോളണ്ടീയേഴ്സിനെ തെരഞ്ഞെടുക്കൽ,<br>4) ജലഗ്രാമസഭ |
| 2020 ജനുവരി, ഫെബ്രുവരി | 1) 2020-21 വാർഷികപദ്ധതി രൂപീകരണം,<br>2 ) ഹരിതകർമ്മസേന യൂസർഫീ ഈടാക്കുന്നത് സംബന്ധിച്ച്,<br>3) ദുരന്തനിവാരണ പദ്ധതി ആവിഷ്കരണം,<br>4) 2020-21 വർഷത്തെ ലേബർ ബഡ്ജറ്റ് ആക്ഷൻ പ്ലാൻ അംഗീകരിക്കൽ,<br>5) വേസ്റ്റ് മാനേജ്മെന്റ് സംബന്ധിച്ച് |

ഗ്രാമസഭകൾ സംബന്ധിച്ച് ജനങ്ങൾക്ക് നിയമപ്രകാരമുള്ള എല്ലാ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്തങ്ങളും പ്രയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന തരത്തിൽ ജനങ്ങളെ ബോധവാന്മാരാക്കിയും നിശ്ചിത ഇടവേളകളിൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചുകൂട്ടിയും ഗ്രാമസഭകളെ ഊർജ്ജസ്വലമാക്കുന്നതിന് ഭരണാധികാരികൾ ശ്രമിക്കേണ്ടതാണ്. ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ

ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താം.

## 1-12 സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിലെ 2019 -20 വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 23/19-20 തിയതി 21/12/21 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം നികുതി അടവാക്കി വിവരം അറിയിക്കേണ്ടതുമാണ്.

| സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|
| മിൽമ ക്ഷീരോല്പാദക സഹകരണസംഘം, മേതല | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| പി.ഡി.ഡി.പി ക്ഷീരോല്പാദക സഹകരണസംഘം, ഓടക്കാലി | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| അഗ്രിക്കൾച്ചർ ഇംപ്രൂവ്മെന്റ് സഹകരണസംഘം, അശമന്നൂർ | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| സ്വതന്ത്ര്യ ക്ഷീരോല്പാദക സഹകരണസംഘം, ചെറുകുന്നം | ആദ്യ പകുതിയും, രണ്ടാം പകുതിയും |

## 1-13 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം അശമന്നൂർ ഗ്രാമപഞ്ചായത്ത് 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 80 രൂപയായും നികുതിനിരക്ക് നിശ്ചയിച്ചിട്ടുണ്ട്. വിവിധ സാമ്പത്തീക വർഷങ്ങളിൽ വസ്തുനികുതി നിർണ്ണയിച്ച താഴെ പറയുന്ന വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 50 രൂപ നിരക്കിലാണ് നികുതി ഈടാക്കിയത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| കെട്ടിട നം | നികുതി നിലവിൽ വന്ന അർദ്ധവർഷം | വിസ്തൃതി (ച.മീ.) | നിർണ്ണയിക്കേണ്ട നികുതി - 80 രൂപ നിരക്കിൽ (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഉൾപ്പെടെ) | നിർണ്ണയിച്ച നികുതി – 50 രൂപ നിരക്കിൽ (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഉൾപ്പെടെ) | കുറവ്(വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഉൾപ്പെടെ) |
|---|---|---|---|---|---|
| 8/223/A | 2014-15(1) | 103.41 | 4344 | 3259 | 1085 |
| 8/223/B | 2014-15(1) | 101.54 | 4799 | 3200 | 1599 |
| ആകെ | | | 9143 | 6459 | 2684 |

വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് നികുതി നിലവിൽ വന്ന 2014 ആദ്യ പകുതി മുതൽ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചത് മൂലം വസ്തുനികുതി ഡിമാന്റ് കുറവ് വന്നതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 1/2019-20 തീയതി 09/12/2021 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വസ്തുനികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും ലൈസൻസ്

1999 ലെ കേരള പഞ്ചായത്തീരാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ) പ്രകാരം താഴെപറയുന്ന സ്വകാര്യ ആശുപത്രികൾ/ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2019-20 കാലയളവിൽ രജിസ്ട്രഷൻ/ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട്

ഓഡിറ്റ് എൻക്വയറി 26/19-20 തിയതി 21/12/21 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രജിസ്ട്രേഷൻ/ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം പുതുക്കി വിവരം അറിയിക്കേണ്ടതുമാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കൃപ ആയുർവേദ ക്ലിനിക്ക് |
| 2 | സമരിറ്റൻ ക്ലിനിക്ക് |
| 3 | മന്ദാരം ആയുർവേദ ചികിൽസ |

## 1-15 ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ്

2019-20 വർഷം താഴെപറയുന്ന ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 24/19-20 തിയതി 21/12/21 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം പുതുക്കി വിവരം അറിയിക്കേണ്ടതുമാണ്.

| ഉടമയുടെ പേര് | കെട്ടിട നം | സ്ഥാപനം |
|---|---|---|
| മനോജ്കുമാർ | 12/143എ | കോഴിഫാം |
| പൌലോസ് | 12/02എ | കോഴിഫാം |
| മൈതീൻകുഞ്ഞ് | 6/156 ബി | കോഴിഫാം |
| മജീദ് എൻ എം | 8/168എ | കോഴിഫാം |
| ഇബ്രാഹിം | 8/169 | കോഴിഫാം |
| കെ പി വർഗ്ഗീസ് | 6/558ബി | പന്നിഫാം |
| ബേബി | 8/480ബി | കോഴിഫാം |
| രാമൻ പി എൻ | 4/193 എ | കോഴിഫാം |
| ടി എൻ മോഹനൻ | 12/113 | കോഴിഫാം |
| ബിന്ദു പ്രസന്നൻ | 11/481ബി | കോഴിഫാം |

## 1-16 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2019-20 സാമ്പത്തീക വർഷത്തിൽ മേൽപ്രകാരം തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 25/19-20 തിയതി 21/12/21 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം നികുതി അടവാക്കി വിവരം അറിയിക്കേണ്ടതുമാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | റീമാർക്സ് |
|---|---|---|---|
| 1 | ദേവമാതാ റോക്ക് പ്രോഡക്ട്സ് | 6 | 1st &2nd അർദ്ധവർഷം |
| 2 | ചൈതന്യ വുഡ് ഇൻഡസ്ട്രീസ് | 19 | 1st &2nd അർദ്ധവർഷം |
| 3 | പാറേക്കാട്ടിൽ സോ മിൽ | 9 | 1st &2nd അർദ്ധവർഷം |
| 4 | റിയൽ വുഡ് ഇൻഡസ്ട്രീസ് | 40 | 1st &2nd അർദ്ധവർഷം |
| 5 | കൈബർ പോളിമേഴ്സ് | 7 | 1st &2nd അർദ്ധവർഷം |
| 6 | കരിപ്പാളിയിൽ ക്യാഷ്യു ഇൻഡസ്ട്രീസ് | 8 | 1st &2nd അർദ്ധവർഷം |
| 7 | സെന്റ് പോൾസ് ഫാർമസി | 5 | 1st &2nd അർദ്ധവർഷം |
| 8 | ജെ ജെ എന്റർപ്രൈസ്സ് | 5 | 1st &2nd അർദ്ധവർഷം |
| 9 | മറൈൻ ടെഡേഴ്സ് | 5 | 1st &2nd അർദ്ധവർഷം |

| | | | |
|---|---|---|---|
| 10 | ന്യൂ കേരളാ ട്രേഡേഴ്സ് | 24 | 1st &2nd അർദ്ധവർഷം |
| 11 | കിംഗ് പ്ലൈവുഡ് | 15 | 1st &2nd അർദ്ധവർഷം |
| 12 | സൂര്യാ ഫർണീച്ചർ | 4 | 1st &2nd അർദ്ധവർഷം |
| 13 | റേഡിയസ് പ്ലൈവുഡ് | 24 | 1st &2nd അർദ്ധവർഷം |
| 14 | ബ്ലാക്ക് & വൈറ്റ് | 5 | 1st &2nd അർദ്ധവർഷം |
| 15 | ഐശ്വര്യാ പ്ലൈ പ്രോഡക്ട്സ് | 40 | 1st &2nd അർദ്ധവർഷം |

## 1-17 ഗ്രാമപഞ്ചായത്തിലെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.

1) ക്യാഷ് ബുക്ക് - നിർവ്വഹണോദ്യോഗസ്ഥർ ആരുംതന്നെ ടി.ആർ.7എ പ്രകാരമുള്ള ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. ആയത് അടിയന്തരമായി സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

2) പ്രോജക്ട് രജിസ്റ്റർ - പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഒരു പ്രോജക്ട് രജിസ്റ്റർ നിർവ്വഹണോദ്യോഗസ്ഥന്മാർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. പദ്ധതിക്ക് എ.സി.ആർ. പ്രകാരം വകയിരുത്തിയ തുകയും ആയതിന്റെ ചെലവും ബിൽ സംബന്ധമായ വിവരവും ആയതിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്ന അസിസ്റ്റന്റ് സെക്രട്ടറി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ ഒഴികെ ആരും തന്നെ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3) ഇൻക്യുമ്പൻസി രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. അടിയന്തരമായി മേൽ പറഞ്ഞ രജിസ്റ്ററുകൾ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

## 1-18 ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണം.

19.05.2019ൽ നടന്ന ഓഡിറ്റ് അദാലത്തിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ എല്ലാ ഖണ്ഡികകൾക്കും ഭാഗികമായി മാത്രമാണ് അനുബന്ധ രേഖകൾ ഹാജരാക്കുകയും, തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നത്. ആയതിനാൽ എല്ലാ റിപ്പോർട്ടുകളിലും തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ ധാരാളം അവശേഷിക്കുന്നുണ്ട്. അദാലത്തിൽ 2000-01, 2001-02 ഓഡിറ്റ് റിപ്പോർട്ടുകൾ പൂർണ്ണമായും തീർപ്പാക്കി. ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ച കഴിഞ്ഞാൽ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2), 14(3), 15 എന്നിവയനുസരിച്ച് ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്. ഇപ്രകാരമുള്ള നടപടികൾ യഥാസമയം സ്വീകരിക്കപ്പെടാത്തത് മൂലമോ വൈകി സ്വീകരിക്കപ്പെടുന്നതുമൂലമോ ആണ് ഓഡിറ്റ് പരാമർശങ്ങൾ പൂർണ്ണമായും തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡമാകയാൽ ഓഡിറ്റ് പരാമർശങ്ങൾ ചട്ടപ്രകാരം യഥാസമയം തന്നെ തീർപ്പാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. 2005-06 മുതൽ 2018-19 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 64 ഖണ്ഡികകൾ തീർപ്പാക്കാനുണ്ട്. തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ ഖണ്ഡിക 4-11ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

.

## 1-19 ക്ഷീരകർഷകർക്ക് സബ്സിഡി- പൂർണ്ണതോതിൽ നടപ്പിലാക്കിയില്ല.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ,പേര് | എസ് 0024/20, സഹകരണസംഘങ്ങൾ വഴി പാലളക്കുന്നവർക്ക് പാൽ വില സബ്സിഡി |
| ചെക്ക് നം ,തീയതി,ചെലവ് | 1655396,17.03.2020, 125000 |
| ഫണ്ട്, അടങ്കൽ | വികസന ഫണ്ട് (പൊതുവിഭാഗം) -300000,<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 125000<br>ജില്ലാ പഞ്ചായത്ത് വിഹിതം-178000<br>ആകെ 603000 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ. |

ഡയറി ഫാം ഇൻസ്ട്രക്ടർ വഴി നടപ്പിലാക്കിയ സഹകരണസംഘങ്ങൾ വഴി പാലളക്കുന്നവർക്ക് പാൽവില സബ്സിഡി

എന്ന പ്രൊജക്ടിൽ 2019-20 വർഷം അശമന്നൂർ ഗ്രാമ പഞ്ചായത്തിൽ ക്ഷീരകർഷകർക്കായി സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി/ധനസഹായം നൽകാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. മിൽമ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് വകുപ്പ് വിഹിതവും ചേർത്ത് ഒരു ലിറ്റർ പാലിന് 4 രൂപ നിലവിൽ സബ്സിഡി അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചയത്തിലെ 5 ക്ഷീര സഹകരണ സംഘം വഴി പാലളക്കുന്ന 163 ക്ഷീരകർഷകർക്ക് 2.96 രൂപ മാത്രമാണ് സബ്സിഡിയിനത്തിൽ നല്കുവാൻ കഴിഞ്ഞിട്ടുള്ളൂ. 2019-20 സാമ്പത്തിക വർഷം 42226ലിറ്റർ പാൽ മേൽ സൂചിപ്പിച്ച 5 ക്ഷീരസംഘങ്ങൾ വഴി കർഷകർ അളന്നിട്ടുണ്ട്. കാലിത്തീറ്റയുടെ അമിതമായ വിലയും തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ് മൂലവും ക്ഷീരകർഷകർ ഈ വേല ഉപേക്ഷിക്കുന്ന സാഹചര്യത്തിൽ സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി നൽകാത്തത് ശരിയായ നടപടിയല്ല. ധാരാളം ക്ഷീരകർഷകരുള്ള പഞ്ചായത്താണിത്. ക്ഷീരകർഷകർക്ക് പ്രോൽസാഹനം നൽകാനുതകുന്ന ഈ പദ്ധതിയിൽ ആവശ്യത്തിന് ഫണ്ട് വകയിരുത്താത്തതിന് വിശദീകരണം നല്കുവാനാവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.പാലും പാലുല്പന്നങ്ങളും ഗ്രാമീണമേഖലയിലെ ക്ഷീരകർഷകരുടെ വരുമാന ശ്രോതസ്സാകയാൽ ഇത്തരം പ്രവൃത്തിയിലേർപ്പെടുന്ന ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിനാൽ സബ്സിഡി നല്കുന്നതിന് മതിയായ ഫണ്ട് വകയിരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ദുരന്ത നിവാരണ പ്രതിരോധ പ്രവർത്തനങ്ങളിൽ പഞ്ചായത്ത് ബദ്ധശ്രദ്ധ പുലർത്തുന്നു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 01.12.2019 ലെ സ.ഉ.(കൈ) 156/2019/ ത.സ്വ.ഭവ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ദുരന്തനിവാരണ പദ്ധതി രേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയ ഒരു ഏകീകൃത ടെമ്പ്ലേറ്റ് അംഗീകരിച്ച് 14.01.2020 ലെ സ.ഉ.(കൈ) 14/2020/ ത.സ്വ.ഭവ. നമ്പർ പ്രകാരം ഉത്തരവായിട്ടുമുണ്ട്.

ഈ സർക്കാർ ഉത്തരവുകൾ പ്രകാരം നിർദ്ദേശിക്കപ്പെട്ട താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1. അടിയന്തിര പ്രതികരണ ടീമിന്റെ ( Emergency Response Team) രൂപീകരണം.

2."ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം" വർക്കിങ്ങ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ.

3. ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് (LRG) രൂപീകരണവും പ്രവർത്തനവും.

4. ദുരന്തനിവാരണ പദ്ധതി രൂപീകരണം, അംഗീകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ.

ഈ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് 14.12.2021ൽ നല്കിയ 8-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയതിൽ പഞ്ചായത്തിൽ ഒരു ദുരന്ത പ്രതികരണ ആസൂത്രണ രേഖയും അടിയന്തിര പ്രതികരണ ടീമും രൂപീകരിച്ചിട്ടുണ്ട്. ഈ ടീമിനെ 10 അംഗങ്ങളുള്ള മുന്നറിയിപ്പ് ടീം, 6 അംഗങ്ങളുള്ള അന്വേഷണ രക്ഷാപ്രവർത്തന ഒഴിപ്പിക്കൽ ടീം, 10 അംഗങ്ങളുള്ള ഷെൽട്ടർ മാനേജേമെന്റ് ടീം, 2അംഗങ്ങളുള്ള പ്രഥമ ശുശ്രൂഷ ടീം എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ടെന്നും കൂടാതെ ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം" എന്നിവയുടെ വർക്കിംങ് ഗ്രൂപ്പ് രൂപീകരിച്ച് വരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ കേരളമാകെ സർവ്വനാശം വിതച്ച് ദുരിതത്തിലാഴ്ത്തിയ പ്രളയം പോലുള്ള മഹാമാരികളെ അതിജീവിക്കുന്നതിനായാണ് പഞ്ചായത്ത് തലത്തിൽ ഇത്തരം ഉത്തരവിലൂടെ നിർദ്ദേശങ്ങൾ നല്കുന്നത്. വർക്കിംങ് ഗ്രൂപ്പ് അടിയന്തരമായി രൂപീകരിക്കേണ്ടതാണ്. കൂടാതെ ദുരന്തനിവാരണ പദ്ധതി രൂപീകരിക്കുന്നതിനും, ദുരന്തനിവാരണത്തിനും ദുരന്ത ലഘൂകരണത്തിനും ദുരന്ത നിവാരണ വർക്കിംങ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുമായി വാർഡ് അടിസ്ഥാനത്തിൽ ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ച് കിലയുടെ നേതൃത്വത്തിൽ പരിശീലനം നല്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഈ ഗ്രൂപ്പ് അംഗങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ഈ ടീമിനെ സമയോചിതമായി പ്രവർത്തിപ്പിക്കുവാനും പഞ്ചായത്ത് കമ്മറ്റിയും സെക്രട്ടറിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-21 തായ്ക്കോണ്ടാ പരിശീലനം-അപാകതകൾ

1)

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ, പേര് | S0037/19-20, തായ്ക്കോണ്ടാ പരിശീലനം |
| അടങ്കൽ ,ഫണ്ട് | 120000, വികസന ഫണ്ട് |

| | |
|---|---|
| നിർവ്വഹണം | ഹെഡ്മിസ്ട്രസ്, ഗവ. UPS, അശമന്നൂർ |
| ചെലവു വിവരം | ബിൽ നം. 3/20, തീയതി 12.03.20 രൂപ 14400/-<br>ബിൽ നം.4/20, തീയതി 12.03.20, തുക 29650/-<br>ആകെ – 44050/-- |

2)

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ,പേര്, | S0037/19-20, തായ് ക്കോണ്ടാ പരിശീലനം |
| അടങ്കൽ ,ഫണ്ട് | 15053/- , വികസന ഫണ്ട് |
| നിർവ്വഹണം | ഹെഡ്മിസ്ട്രസ്, ഗവ. UPS, അശമന്നൂർ |
| ചെലവു വിവരം | ബിൽ നം.4/20, തീയതി 16.03.20 10000/- രൂപ<br>ബിൽ നം.5/20, തീയതി 12.03.20, 5040/- രൂപ<br>ആകെ – 15040/- |

അശമന്നൂർ ഗവ. UP സ്കൂളിലെ പെൺകുട്ടികൾക്ക് തായ്ക്കോണ്ടാ പരിശീലനം നൽകുന്നതിനായി ക്രമ നം 1പ്രോജക്ട് പ്രകാരം എം,എസ് ഗ്ലോബൽ തയ്ക്കോണ്ടെ എക്യുപ്മെന്റ്, ഹൗസ് നം 3/273A, കുവള്ളൂർപി ഒ, കോതമംഗലം എന്ന സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിനായി 29650/- രൂപയും, എറണാകുളം ജില്ലാ തയ്ക്കോണ്ടോ അസോസിയേഷന് ഫീ ഇനത്തിൽ 14400/- രൂപയും നല്കിയിട്ടുണ്ട്. കൂടാതെ 2018-19 ൽ പ്രോജക്ട് നമ്പർ 19/19 ആയി നടത്തിയ പദ്ധതി തൻ വർഷത്തിൽ ക്രമ നം 2 ആയി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് വഴി പരിശീലനത്തിൽ പങ്കെടുത്ത വിദ്യാർത്ഥിനികൾക്ക് ലഘുഭക്ഷണം നൽകിയതിന് 15040/-രൂപയും ഉൾപ്പെടെ 59090/-രൂപ ചെലവഴിച്ചിട്ടുണ്ട്.

സ.ഉ (കൈ) നം.11/2018 ത.സ്വ.ഭ.വ തീയതി 29.01.2018 – മാർഗരേഖ ,ഖണ്ഡിക 6.3.(8) അനുസരിച്ച് പ്രതിരോധ പരിശീലന പരിപാടിയായ തായ്ക്കോണ്ടാ പരിശീലനം വനിതകൾക്ക് നൽകുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ടി പ്രോജക്ട് യു പി സ്കൂൾ കുട്ടികൾക്കായാണ് നടപ്പിലാക്കിയിരിക്കുന്നത്. ഇതിന് വികസന ഫണ്ടിൽ നിന്നും 59090/-രൂപ ചെലവഴിച്ചത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 14.12.2021ൽ നല്കിയ 9-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഇന്നത്തെ സമൂഹത്തിൽ സ്ത്രീകളും പെൺക്കുട്ടികളും നേരിടുന്ന വെല്ലുവിളികൾ അതിതീവ്രമാണെന്നും ഇതിനെ ഒരു പരിധിവരെ തടയാൻ വിദ്യാർത്ഥികളിലെ ഭയവിഹ്വലത മാറ്റിയേ തീരുവെന്നും, നിർഭയ എന്ന പദ്ധതിയിലൂടെ പെൺക്കുട്ടികളെ പ്രതിബന്ധങ്ങളെ തരണം ചെയ്യാൻ ഇത്തരം പരിശീലന പരിപാടികൾ അത്യന്താപേക്ഷിതമാണെന്ന് അറിയിച്ചാണ് മറുപടി ലഭ്യമാക്കിയത്. ഓഡിറ്റ് മറുപടി അംഗീകരിക്കുന്നു. എങ്കിലും സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതികൾ ഏറ്റെടുക്കുമ്പോൾ സർക്കാർ സാധൂകരണം നേടുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ആശ്രയ പദ്ധതിക്ക് ക്രമ വിരുദ്ധമായി തുക നല്കി.

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ്.0064/19-20,ആശ്രയ |
| അടങ്കൽ, ഫണ്ട് | 100000, വികസന ഫണ്ട്<br>50000 തനത് ഫണ്ട് |
| ബിൽ നം., തീയതി, ചെലവ് | 15/19-20, 17.01.2020, 100000 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

2019-20 വാർഷിക പദ്ധയിയിൽ ഉൾപ്പെടുത്തി ആശ്രയ ഗുണഭോക്താക്കൾക്ക് കട്ടിൽ, കിടക്ക എന്നിവ നല്കുവാൻ മേൽ പ്രോജക്ട് പ്രകാരം ഡി.പി.സി അംഗീകാരം നേടിയിരുന്നു. ആശ്രയ ഗുണഭോക്തൃലിസ്റ്റിൽ നിന്നും പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുന്ന 24 പേർക്കാണ് ഈ ആനുകൂല്യം വിഭാവനം ചെയ്തിട്ടുള്ളത്. ടി പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് സെക്രട്ടറി പദ്ധയി നടപ്പിലാക്കുന്ന പ്രാരംഭ വേളയിൽ ഗ്രാമ പഞ്ചായത്തിൽ നിന്ന് സ്ഥലം മാറ്റം വന്നതിനാൽ പദ്ധതി നടപ്പിലാക്കാതെ ഈ പദ്ധതിക്കായി വകയിരുത്തിയ വികസന ഫണ്ടായ 100000 രൂപ കുടുംബശ്രീ.സി.ഡി.എസ് ഡി.എഫ്.കെ അക്കൗണ്ടായ 737902010003030 എന്ന നമ്പറിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുകയാണുണ്ടായത്. 17.01.2020 മുതൽ 16.09.2021 വരെ ഈ പ്ലാൻ ഫണ്ട് പ്രസ്തുത അക്കൗണ്ടിൽ ചെലവഴിക്കപ്പെടാതെ കിടന്നു. 21.02.2021 ലെ 5(1) നമ്പർ പ്രകാരം 26 ഗുണഭോക്താക്കളെ ആശ്രയ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും 23.07.2021 ലെ 2(1) കമ്മറ്റി തീരുമാനപ്രകാരം Artco യിൽ നിന്ന് കട്ടിൽ വാങ്ങുകയും 26 ഗുണഭോക്താക്കൾക്ക് നല്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് 17.01.2020 മുതൽ 16.09.2021 വരെ ഈ പ്ലാൻ

ഫണ്ട് കുടുംബശ്രീ.സി.ഡി.എസ് ഡി.എഫ്.കെ (737902010003030) അക്കൗണ്ടിൽ ചെലവഴിക്കപ്പെടാതെ കിടന്നതിന് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 16.12.2021 ൽ നല്കിയ 16-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വ്യക്തമായ ചെലവ് രേഖകൾ ഇല്ലാതെ പ്ലാൻ ഫണ്ട് (പൊതുവിഭാഗം) 100000 രൂപ കുടുംബശ്രീ സി.ഡി.എസ്. ഡി.എഫ്.കെ. അക്കൗണ്ടായ 737902010003030 എന്ന നമ്പറിലേക്ക് ട്രാൻസ്ഫർ ചെയ്തത് ക്രമവിരുദ്ധമാണ്. വ്യക്തമായ പദ്ധതി ആവിഷ്കരിച്ച് മാത്രമേ പ്ലാൻ ഫണ്ടിൽ നിന്ന് പണം ചെലവഴിക്കുവാൻ പാടുള്ളൂ. ഭാവിയിൽ ഇത്തരം ചെലവുകൾ വരുത്താതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-23 മെന്റേഴ്സ് ക്യാമ്പ് - ചെലവുതുക കിലയിൽ നിന്ന് തിരികെ ഈടാക്കിയില്ല.

ആരോഗ്യസുരക്ഷയ്ക്ക് മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ കുട്ടികൾക്കുവേണ്ടി 'പെൻസിൽ' എന്ന പേരിൽ ഒരുക്കിയ അവധിക്കാല പഞ്ചായത്തുതല മെന്റേഴ്സ് ക്യാമ്പ് നടത്തിപ്പിനായി ചെലവഴിച്ച തുക 7000/- രൂപ സി.ഡി.എസ് ചെയർപേഴ്സണ് പഞ്ചായത്തിൽ നിന്നും അനുവദിച്ചുനൽകിയിട്ടുണ്ട്. ചെലവ് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വൌച്ചർ നം./തിയതി | ചെക്ക് നം./തിയതി | തുക |
|---|---|---|
| 21900131/22.05.2019 | 13654/22.05.2019 | 4780 |
| 21900132/22.05.2019 | 13653/22.05.2019 | 470 |
| 21900138/29.05.2019 | 13658/29.05.2019 | 1750 |
| ആകെ | | 7000 |

കില ഡയറക്ടറുടെ 02.05.2019 ലെ കില/2019/101/2719/എച്ച് ക്യു നം. കത്തിൽ വാർഡുതല ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് (ഒരു വാർഡിൽ നിന്ന് 5 പേർ) ഭക്ഷണം, പരിശീലന സാമഗ്രികൾ എന്നിവയ്ക്ക് 100/-രൂപ വീതം കില നൽകും. ക്യാമ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ഒറിജിനൽ ബിൽ, വൗച്ചർ, ഹാജർ ലിസ്റ്റ് എന്നിവ ഹാജരാക്കി ചെലവായ തുക കിലയിൽ നിന്ന് റീഇംബേഴ്സ് ചെയ്യാം. ഈ നിർദ്ദേശം പാലിച്ച് ചെലവുതുക പഞ്ചായത്ത് റീഇംബേഴ്സ് ചെയ്ത് വാങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കാനാവശ്യപ്പെട്ട് നൽകിയ 15.12.2021ലെ 14-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ആയതിനാൽ, ഈയിനത്തിലെ ചെലവുതുക 7000/-രൂപ കിലയിൽ നിന്ന് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 കുടിവെള്ള വിതരണം - അപാകതകൾ

പെരിയാർവാലി കനാലിൽ വെള്ളം ലഭ്യമല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഗ്രാമപഞ്ചായത്ത് ഭരണസമിതി 13.12.2019ലെ 35(1)-ാം നമ്പർ പ്രകാരം തീരുമാനം എടുത്തിരുന്നു. 14.12.2019 മുതൽ 31.12.2019 വരെ ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ടാങ്കറിൽ കുടിവെള്ളം വിതരണം ചെയ്തതിന് ലോഡൊന്നിന് 1000/- രൂപ നിരക്കിൽ 1630/- രൂപ ആദായനികുതി (1%) കുറച്ച് 161370/- രൂപ ശ്രീ. അസീസ് പിഎച്ച്, പുതുക്കാടൻ (മുടിക്കൽ പിഒ, പെരുമ്പാവൂർ) എന്ന വ്യക്തിക്ക് വൗച്ചർ നം. 21900859/19.02.2020 നൽകിയിട്ടുണ്ട്. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട താഴെ കൊടുക്കുന്ന അപാകതകൾ ഉണ്ട്

1) 02.03.2019 ലെ സ.ഉ.(സാധാ) 500/2019/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് 01.04.2019 മുതൽ 31.05.2019 വരെ മാത്രമാണ് 2019-20 സാമ്പത്തിക വർഷത്തിൽ സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നത്. സർക്കാർ നിർദേശമില്ലാത്ത കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടിവെള്ള വിതരണം നടത്തുമ്പോൾ സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങേണ്ടതാണ്. എന്നാൽ, അശമന്നൂർ ഗ്രാമപഞ്ചായത്ത് സർക്കാർ നിർദേശമില്ലാത്ത കാലയളവിൽ കുടിവള്ള വിതരണം നടത്തിയതിന് സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങിയിട്ടില്ല. മാത്രമല്ല, ആയത് ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടില്ല.

2) ഗ്രാമപഞ്ചായത്തിന്റെ 30.12.2019ലെ 4(3)-ാം നമ്പർ തീരുമാന പ്രകാരമാണ് ലഭ്യമായ മൂന്ന് ക്വൊട്ടേഷനുകളിൽ നിന്നും ലോഡൊന്നിന് 1000/- രൂപ ക്വോട്ട് ചെയ്ത ശ്രീ. അസീസ് പിഎച്ച് എന്ന വ്യക്തിയെ കുടിവെള്ളവിതരണത്തിനായി തെരഞ്ഞെടുത്തത്. എന്നാൽ, ഹാജരാക്കിയ ജിപിഎസ് ലോഗ്, മാനുവൽ ലോഗ് എന്നിവ പ്രകാരം കുടിവെള്ള വിതരണം നടത്തിയത്. 14.12.2019 മുതൽ 31.12.2019 വരെയാണ്. ഗ്രാമപഞ്ചായത്ത് ഭരണസമിതി ക്വട്ടേഷൻ പരിശോധിച്ച് അംഗീകരിക്കുന്നതിന് മുൻപ് തന്നെ കുടിവെള്ളവിതരണം നടപ്പാക്കിയിരുന്നു. മാത്രമല്ല ക്വട്ടേഷൻ നോട്ടീസ്, ലഭിച്ച ക്വട്ടേഷനുകൾ, സെലക്ഷൻ നോട്ടീസ്, വിതരണക്കാരനുമായി ചമച്ച കരാർ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3) ) അശമന്നൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി 2019-20 സാമ്പത്തിക വർഷം 163000/-

രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. 1 ലക്ഷം രൂപക്ക് മുകളിലുള്ള പ്രവർത്തികൾ ടെണ്ടർ മുഖേനെയാണ് നടപ്പാക്കേണ്ടത്. എന്നാൽ 163000/- രൂപ ചെലവഴിച്ച പദ്ധതി ക്വട്ടേഷൻ വഴിയാണ് നടപ്പിലാക്കിയത്.

4) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടിവെള്ള വിതരണം നടത്തുമ്പോൾ സംസ്ഥാന ദുരന്തനിവാരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 787/2017/DMD 23/02/2017പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ഈ ഉത്തരവിലെ ഖണ്ഡിക 4(g) പ്രകാരം കിലോമീറ്റർ അടിസ്ഥാനത്തിൽ, ജില്ലാതലത്തിൽ നിർണ്ണയിക്കുന്ന നിരക്ക് പ്രകാരമാണ് ജലവിതരണം നടത്തേണ്ടത്. ജില്ലാതല നിരക്കിനെക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം സാധിക്കുന്ന സാഹചര്യത്തിൽ മാത്രം പഞ്ചായത്തുകൾക്ക് ടാങ്കറുകളിൽ ജലവിതരണം നടത്താവുന്നതാണ്. എന്നാൽ, അശമന്നൂർ ഗ്രാമപഞ്ചായത്തിൽ കിലോമീറ്റർ അടിസ്ഥാനത്തിലല്ലാതെ ട്രിപ്പിന്റെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. ഓരോ ട്രിപ്പിലും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ അളവിന്റെ വിവരങ്ങളും ഫയലിൽ ലഭ്യമല്ല.

5) സംസ്ഥാന ദുരന്തനിവാരണ വകുപ്പിന്റെ 23/02/2017ലെ (സാധാ) നമ്പർ 787/2017/DMD ഉത്തരവ് പ്രകാരം സ്വകാര്യ സ്രോതസിലെ ജലം കുടിക്കാൻ യോഗ്യമാണെന്ന് ജല അതോറിറ്റിയോ, ഭക്ഷ്യ വകുപ്പോ, ആരോഗ്യ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ ഒന്നും ഫയലിൽ ഹാജരാക്കിയിട്ടില്ല.

6) കുടിവെള്ളം വിതരണം നടത്തുന്ന ടാങ്കറിനും, കുടിവെള്ള സ്രോതസിനും 2011ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് രജിസ്ട്രേഷൻ ആവശ്യമാണ്. ഇപ്രകാരമുള്ള രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഇക്കാര്യങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 16/16.12.2021) നൽകിയെങ്കിലും പദ്ധതി നടത്തിപ്പിൽ വന്ന അപാകങ്ങൾ സാധൂകരിക്കത്തക്ക രേഖകളോ തെളിവുകളോ വിശദീകരണമോ ലഭ്യമാക്കിയില്ല. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ഈ പ്രവർത്തിയുടെ നടത്തിപ്പിനായി കരാറുകാരന് നൽകിയ 161370/- രൂപയുടെ ചെലവ് തുക തടസപ്പെടുത്തുന്നു.

## 1-25 വൃദ്ധർക്ക് കട്ടിൽ- അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 0014/19-20 വൃദ്ധർക്ക് കട്ടിൽ (എസ്.സി) |
| അടങ്കൽ,ഫണ്ട് | 450000/- വികസന ഫണ്ട് (എസ്.സി,പി)<br>500 തനത് ഫണ്ട്<br>ആകെ അടങ്കൽ 450500 |
| ബിൽ നം,തീയതി,ചെലവ് | 07/2019-20, 11.12.2019. 255000<br>13/2019-20, 27.12.2019, 97750<br>(ചെക്ക് നം)14774 , 27.02.2020 , 500<br>ആകെ ചെലവ് 353250 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 60 വയസ്സ് കഴിഞ്ഞ വൃദ്ധരായ 83 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ചില അപാകതകൾ കാണുന്നു.

1) ഈ പദ്ധതിക്കായി ടെണ്ടർ നടപടികൾ ലഭ്യമാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

2) ഗുണഭോക്താക്കൾ കട്ടിൽ കൈപ്പറ്റിയതിന്റെ വിതരണരേഖ ലഭ്യമാക്കിയിട്ടില്ല.

3) ത്രീ വൺ ത്രീ ഏജൻസീസ് എന്ന സ്ഥാപനം ലഭ്യമാക്കിയ 26.12.2019 ലെ 115നമ്പർ ഇൻവോയ്സ് പ്രകാരം ഒരു കട്ടിലിന് 4250/- രൂപ നിരക്കിലാണ് തുക ക്ലെയിം ചെയ്തിട്ടുള്ളത്. ആയത് പ്രകാരം 83 കട്ടിലുകൾക്ക് (4250*83 =352750) 352750/-രൂപ മാത്രമേ ചെലവ് വരുന്നുള്ളൂ. എന്നാൽ 27.02.2020 ൽ 14774 നമ്പർ ചെക്ക് പ്രകാരം 500 രൂപ അധികം നല്കിയതായി കാണുന്നു. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. 450500 രൂപ അടങ്കലും 353250/-രൂപ ചെലവും വന്നിട്ടുള്ള ഈ പദ്ധതിക്ക് സ്റ്റോർ പർച്ചേസ് മാന്യവലിലെ ഖണ്ഡിക 7.7 പ്രകാരം 100000 രൂപയ്ക്ക് മുകളിൽ വരുന്ന വാങ്ങലുകൾക്ക് ടെണ്ടർ മുഖാന്തരമായിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും ടെണ്ടർ ക്ഷണിച്ചതായി കാണുന്നില്ല. ടെണ്ടർ ഫോമിനത്തിൽ പഞ്ചായത്തിന് ലഭിക്കുമായിരുന്ന തുകയിനത്തിലും നഷ്ടമുണ്ടായിട്ടുണ്ട്. ഗുണഭോക്താക്കൾ കട്ടിൽ കൈപ്പറ്റിയതിന്റെ വിതരണരേഖ ഓഡിറ്റിന് ലഭ്യമാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 353250/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 27.02.2020 ൽ 14774 നമ്പർ ചെക്ക് പ്രകാരം അധികം നല്കിയ 500 രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ, കട്ടിൽ സപ്ലൈ ചെയ്ത സ്ഥാപനത്തിൽ നിന്നോ ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്. ടെണ്ടർ ക്ഷണിക്കാതെയും കൃത്യമായ സ്പെസിഫിക്കേൻ നല്കാതെയും ത്രീ വൺ ത്രീ ഏജൻസീസ്, കോതമംഗലം എന്ന സ്ഥാപനത്തിൽ നിന്ന് കട്ടിൽ വാങ്ങിയത് വാങ്ങൽ നടപടികളിൽ

സുതാര്യത ഉറപ്പ് വരുത്താതെയാണ്. ആയതിനാൽ ഈ വാങ്ങലുകളിൽ മേൽ വകുപ്പ് തല അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-26 ബാലസഭ-സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക നല്കി

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ്.0028/2019-20,ബാലസഭ |
| അടങ്കൽ ,ഫണ്ട്, | 50000, വികസനഫണ്ട് (പൊതുവിഭാഗം ) |
| ബിൽ നം, തീയതി, ചെലവ് | 12/-20, 17.01.2020, 50000 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

അശമന്നൂർ ഗ്രാമപഞ്ചായത്തിലെ കുട്ടികളുടെ മാനസികോല്ലാസത്തിനായി അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ ബാലപഞ്ചായത്തിൽ വിവിധങ്ങളായ പരിപാടികൾ ഓഡിറ്റ് വർഷം ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് പദ്ധതിയിട്ടിരുന്നു. ആയതുമായി ബന്ധപ്പെട്ട് മേൽ ബിൽ പ്രകാരം 50000 രൂപ അശമന്നൂർ കുടുംബശ്രീ സി.ഡി.എസിന്റെ അക്കൗണ്ട് നമ്പറായ 73792010003030 ലേക്ക് നല്കിയിട്ടുണ്ടെങ്കിലും തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. സർക്കാർ ഉത്തരവ് 22/2018,തീയതി 14.02.2018 മാർഗരേഖ ഖണ്ഡിക 7.6.17 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനത്തിന് പഞ്ചായത്ത് തലത്തിൽ 40000/-രൂപയിൽ കവിയാതെ ചെലവഴിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ 10000/-രൂപ കൂടി അധികമായി നല്കിയിട്ടുണ്ട്. വ്യക്തമായ വിനിയോഗ മാർഗ്ഗരേഖ തയ്യാറാക്കാതെ വികസന ഫണ്ട് കുടുംബശ്രീ സി.ഡി.എസിന്റെ അക്കൗണ്ടിലേക്ക് നല്കിയതിനും, പരമാവധി 40000 രൂപ മാത്രം ബാലസഭ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാമെന്നിരിക്കെ 50000 രൂപ നൽകുക വഴി അധികമായി 10000 രൂപ അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് 13.12.2021ൽ നല്കിയ 7ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയതിൽ അധികമായി നല്കിയ 10000/- രൂപ 12.06.2020 ലെ 120020500004 എന്നീ നമ്പർ രസീത് പ്രകാരവും 2018-19 സാമ്പത്തിക വർഷത്തിൽ സമാനരീതിയിൽ തുക ചെലവഴിച്ചിതിന് 10000/-രൂപ ഓഡിറ്റിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ സ്വബാദ്ധ്യതയായി നിർണ്ണയിച്ച തുക 12.06.2020 ൽ 120020500003 നമ്പർ രസീത് പ്രകാരം ആകെ 20000/-രൂപ വികസന ഫണ്ടിലേക്ക് തിരിച്ചടച്ചതായും അറിയിച്ചു. എന്നാൽ വികസന ഫണ്ടിലേക്ക് തിരികെ അടവാക്കിയ 20000/- രൂപ 2019-20 സാമ്പത്തിക വർഷത്തേക്ക് ബാലസഭയുടെ പ്രവർത്തനങ്ങളുടെ ചെലവിലേക്കായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നല്കിയ 50000 രൂപ യിൽ നിന്ന് പിൻവലിച്ചതാണ്. നിലവിൽ 2019-20 വർഷത്തിൽ കുടുംബശ്രീ.സി.ഡി.എസ് അക്കൗണ്ടിൽ ബാക്കിയുള്ള 30000 രൂപ വിനിയോഗിച്ച് ബാലസഭ പ്രവർത്തനങ്ങൾ നടത്തുവാൻ 25.11.2021 ൽ ചേർന്ന 7(1) പ്രകാരം പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ 2018-19 ൽ ബാലസഭ പ്രവർത്തനങ്ങളുമായി ചെലവഴിച്ച് കഴിഞ്ഞ തുക കുടുംബശ്രീ സി.ഡി.എസിന് 2019-20 സാമ്പത്തിക വർഷത്തിൽ ബാലസഭ പ്രവർത്തനങ്ങൾക്കായി നല്കിയ തുകയിൽ നിന്ന് പിൻവലിച്ച് പ്ലാൻ ഫണ്ടിലേക്ക് അടവാക്കിയത് ശരിയായ നടപടിയല്ല. അസിസ്റ്റന്റ് സെക്രട്ടറി പ്ലാൻ ഫണ്ടിൽ നിന്ന് ചെലവഴിച്ച് സ്വബാദ്ധ്യതയായിത്തീർന്ന 10000 രൂപ അദ്ദേഹം തന്നെയാണ് പ്ലാൻ ഫണ്ടിലേക്ക് അടവാക്കേണ്ടത്. അസിസ്റ്റന്റ് സെക്രട്ടറി ആയത് സ്വബാദ്ധ്യതയായി സ്വീകരിക്കാതെ 2018-19 വർഷത്തെ 10000 രൂപയുടെ ബാദ്ധ്യതയും തൻ വർഷം നല്കിയ 50000 രൂപയിൽ നിന്നും അധികം നല്കിയ 10000 രൂപയും ചേർത്ത് 09.06.2020 ൽ 2016945 നമ്പർ ചെക്ക് പ്രകാരം 20000 രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് (രസീത് വരവ് വച്ചത് 12.06.2020)അടവാക്കുകയും ബാലസഭയ്ക്കായി ചെലവഴിക്കാനായി തൻ വർഷം അനുവദിച്ച 50000 രൂപയിൽ ആയത് 30000 രൂപയായി ചുരുക്കുകയുമാണ് ചെയ്തത്. യഥാർത്ഥത്തിൽ അസിസ്റ്റന്റ് സെക്രട്ടറി തന്റെ 2018-19 വർഷത്തെ ഓഡിറ്റ് നിർണ്ണയിച്ച 10000 രൂപയുടെ ബാദ്ധ്യത പ്ലാൻ ഫണ്ടിൽ നിന്ന് തന്നെ അടവാക്കുകയാണ് ചെയ്തത്. കൂടാതെ 2019-20 സാമ്പത്തിക വർഷത്തെ ബാലസഭ നടത്തുന്നതിനായി ചെലവഴിക്കേണ്ട തുക ചെലവഴിക്കാതെ കുടുംബശ്രീ സി.ഡിസിന്റെ അക്കൗണ്ട് നമ്പറായ 73792010003030 ലേക്ക് നല്കുകയാണ് നിർവ്വഹണോദ്യോഗസ്ഥൻ ചെയ്തത്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി ധനം മുൻകൂറായി മറ്റൊരു അക്കൗണ്ടിലേയ്ക്ക് മാറ്റിയിടുകയും ആയത് ഏകദേശം രണ്ട് വർഷത്തോളം ചെലവഴിക്കാതിരുന്നതും ഗുരുതരമായ ക്രമക്കേടായി ഓഡിറ്റിൽ വിലയിരുത്തുന്നു. ക്രമവിരുദ്ധമായി കുടുംബശ്രീ സി.ഡി.എസിന്റെ അക്കൗണ്ടിലേക്ക് നല്കിയ 50000/- രൂപ പലിശ സഹിതം (17.01.2020 മുതൽ 50000 രൂപയുടെയും പലിശ ) ഈടാക്കി പ്ലാൻ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

ക്രമവിരുദ്ധമായ നടപടിയാണ് ഉത്തരവാദിത്വപ്പെട്ട ഈ ഉദ്യോഗസ്ഥയിൽ നിന്നുണ്ടായിട്ടുള്ളത്. 20000/- രൂപ അടിയന്തരമായി ഈ ഉദ്യോഗസ്ഥയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. സർക്കാർ ഫണ്ട് തന്റെ ബാദ്ധ്യത തീർക്കുവാൻ ഉപയോഗിക്കുന്ന രീതി വകുപ്പ് തലത്തിൽ അന്വേഷിച്ച് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 പി.എസ്.സി പരിശീലനം -അപാകതകൾ

1)

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | തൊഴിൽ രഹിതരായ യുവതി യുവാക്കൾക്ക് പി.എസ്.സി. പരിശീലനം |
| പ്രോജക്റ്റ് നമ്പർ, അടങ്കൽ, ഫണ്ട് | S0177/19-20, 81680, വികസനഫണ്ട് |
| നിർവ്വഹണം | ഹെഡ്മിസ്ട്രസ്, ഗവ. UPS, അശമന്നൂർ |
| ചെലവ് വിവരം | ബിൽ നമ്പർ 3 /08.11.19, രൂപ -34666/- |

2)

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | തൊഴിൽ രഹിതരായ യുവതി യുവാക്കൾക്ക് പി.എസ്.സി. പരിശീലനം |
| പ്രോജക്റ്റ് നമ്പർ, അടങ്കൽ, ഫണ്ട് | S00038/19-20, 150000 ,തനത് ഫണ്ട് |
| നിർവ്വഹണം | ഹെഡ്മിസ്ട്രസ്, ഗവ. UPS, അശമന്നൂർ |
| ചെലവ് വിവരം | ബിൽ നമ്പർ 5 /20-3-19, രൂപ -30320/-<br>5 /20-3-19, രൂപ – 38000/- |

തൊഴിൽരഹിതരായ യുവതി യുവാക്കൾക്ക് പി.എസ്.സി പരിശീലനം കൊടുക്കുന്നതിന് പരിശീലകരെ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ ക്ഷണിച്ചതിൽ വിദ്യാ ജ്യോതി, പെരുമ്പാവൂർ എന്ന സ്ഥാപനത്തെ തെരെഞ്ഞെടുത്തിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി 2018-19 സാമ്പത്തിക വർഷത്തിൽ എസ് 0018/2019 പ്രോജക്റ്റ് നം പ്രകാരം ഒക്ടോബർ മുതൽ 2019 മാർച്ച് വരെയുള്ള ചെലവ് (പ്രോ.നം 177/2019-20) സ്പിൽ ഓവർ പ്രോജക്ടായും തൻ വർഷത്തിലും, ഈ പദ്ധതിയുടെ തുടർ നടത്തിപ്പിന്റെ ഭാഗമായി 2019 ഏപ്രിൽ മുതൽ 2020 മാർച്ച് വരെ 55 പേർക്ക് പരിശീലനം നൽകിയതിന് തൻവർഷം 47020/-രൂപ സ്ഥാപനത്തിനും പരിശീലനത്തിൽ പങ്കെടുത്ത വിദ്യാർത്ഥിനികൾക്ക് ലഘുഭക്ഷണം നൽകിയതിന് 32220/-രൂപയും ഉൾപ്പെടെ ആകെ 79240/-രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ഭാഗം 3-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-28 ബഡ്സ് സ്കൂൾ യാത്ര സൗകര്യം -ചെലവ് രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | എസ്.0024/2019-20 ബഡ്സ് സ്കൂൾ യാത്ര സൗകര്യം |
| അടങ്കൽ, ഫണ്ട് | 150000/-, വികസനഫണ്ട് (പൊതുവിഭാഗം) |
| ബിൽ നം, തീയതി, ചെലവ് | 02/19-20, 20.07.2019, 41416<br>08/19-20, 13.02.2020, 52795<br>19/19-20, 27.02.2020, 20544<br>21/19-20, 17.03.2020, 20160<br>ആകെ 134915/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പ്രോജക്റ്റ് പ്രകാരം ബഡ്സ് സ്കൂൾ കുട്ടികളുടെ യാത്ര സൗകര്യം ഒരുക്കുന്നതിന് വേണ്ടി 134915/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ ബഡ്സ് സ്കൂൾ വാഹനത്തിന്റെ ഇന്ധനച്ചെലവായി 20544/-രൂപ ചെലവഴിച്ചതിന്റെ വൗച്ചർ ഹാജരാക്കിയിട്ടുണ്ട്. 29.09.2019 മുതൽ 30.10.2019 വരെ KL-40E-9567നമ്പറുള്ള ബഡ്സ് സ്കൂൾ വാഹനം റിപ്പയർ ചെയ്യുന്നതിന് വേണ്ടി വർക്ക്ഷേപ്പിൽ ആയിരുന്നതിനാൽ ബഡ്സ് സ്കൂൾ കുട്ടികളുടെ യാത്രാസൗകര്യം ഒരുക്കുന്നതിന് വേണ്ടി 01.10.2019 മുതൽ 30.10.2019 വരെ കെ.എൽ 39A- 9725 നമ്പറുള്ള ഓട്ടോ പ്രതിദിനം 1120/- രൂപ വാടകനിരക്കിൽ എടുത്ത് 18 ദിവസം ഓടിയതിന് 20160 രൂപ വൗച്ചർ പ്രകാരം കൊടുത്തിട്ടുണ്ട്. എന്നാൽ ഈ വാഹനം ബഡ്സ് സ്കൂൾ കുട്ടികളുടെ യാത്ര സൗകര്യം ഒരുക്കുന്നതിന് വേണ്ടി ഏറ്റെടുത്തതിന്റെ നടപടിക്രമങ്ങൾ ഫയലിൽ നിന്ന് വ്യക്തമല്ല. ആയത് ഓഡിറ്റിനായി ഹാജരക്കാണ്ടതാണെന്നും കൂടാതെ (41416+52795) 94211/ -രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് കൊണ്ട് 13.12.2021.ൽ നല്കിയ 6-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് രേഖയുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച 94211/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 പ്രഭാത ഭക്ഷണം നല്കൽ - ഫണ്ട് നിയമാനുസൃതമല്ലാതെ ചെലവഴിച്ചു.

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 27/19-20, ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നല്കൽ |
| ബില്ല് നം, തീയതി, ചെലവ് | വികസനഫണ്ട്<br>03/19-20 തീ.30.07.2019, 25740/-<br>04/19-20 തീ.18.09.2019, 27960/- |

| | |
|---|---|
| | 05/19-20 തീ.06.02.2020, 30120/-<br>16/19 -20 തീ.18.01.2020, 16180/-<br>തനത് ഫണ്ട്<br>605910 (ചെക്ക് നം ) 27.02.2020, 29600/-<br>ആകെ ചെലവ് – 129600/- |
| അടങ്കൽ, ഫണ്ട് | 100000, വികസന ഫണ്ട് (പൊതുവിഭാഗം)<br>തനത് ഫണ്ട് 29740 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

അശമന്നൂർ ഗവൺമെന്റ് യു പി. സ്കൂളിൽ മേൽ സൂചിത പ്രോജക്റ്റ് പ്രകാരം ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നല്കിയിട്ടുണ്ട്. മേൽ പ്രോജക്റ്റിന് വികസന ഫണ്ട് (പൊതുവിഭാഗം) 100000/- രൂപയും തനത് ഫണ്ടിനത്തിൽ 29600/- രൂപയുമുൾപ്പെടെ 129600/-രൂപ അസിസ്റ്റന്റ് സെക്രട്ടറി അശമന്നൂർ ഗ്രാമ പഞ്ചായത്ത് വഴി ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ 7.8.3 ഭക്ഷണവിതരണ പരിപാടികൾ എന്ന ഖണ്ഡികയിൽ പ്രസ്തുത പദ്ധതിക്കുള്ള തുക പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നോ, സ്പോൺസർഷിപ്പിലൂടെയോ, അദ്ധ്യാപക-രക്ഷാകർതൃ സമിതികൾ വഴിയോ കണ്ടെത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഇത്തരത്തിലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ പാടില്ലായെന്നിരിക്കെ ഈ പ്രോജക്റ്റ് നടപ്പിലാക്കിയതിന് വിശദീകരണം നല്കുവാനും, ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് ഒരു ദിവസം ഒരു കുട്ടിക്ക് 60/- രൂപ നിരക്കിൽ പ്രഭാതഭക്ഷണം നല്കാമെന്ന ശ്രീമതി കൃഷ്ണകുമാരി, പുതുക്കാട്ടുകുടി, അശമന്നൂർ.പി.ഒ എന്ന വ്യക്തി സമർപ്പിച്ച ക്വട്ടേഷൻ 21.06 2019 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 2(19) തീരുമാന പ്രകാരം അംഗീകരിക്കുകയും. ആയതിന്റെ ക്വട്ടേഷൻ ക്ഷണിച്ചത് സംബന്ധിച്ച ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെടുകയും ചെയ്തുകൊണ്ട് 16.12.2021 ൽ നല്കിയ 17-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. വിശദവിവരങ്ങൾ ഭാഗം 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-30 കൗമാരക്കാർക്ക് കൗൺസിലിംഗ് - സർക്കാർ മാനദണ്ഡപ്രകാരമല്ലാതെ തുക ചെലവഴിച്ചു

പ്രോജക്റ്റ് നം. : 51 /2020

അടങ്കൽ : 50,000/-( പ്ലാൻ ഫണ്ട് - ജനറൽ)

ചെലവ് :50,000/- ബിൽ നം- 11/2019-20 Rs. 50000/- C/o 20/01/2020

നിർവ്വഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ

2019-20 ൽ നടപ്പിലാക്കിയ കൗമാരക്കാരായ കുട്ടികൾക്ക് കൗൺസിലിംഗ് എന്ന പദ്ധതി പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും 50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന കൗമാരക്കാരായ കുട്ടികൾക്ക് രണ്ട് ദിവസങ്ങളിലായി ക്ലാസ്സുകൾ നടത്തിയതിനുള്ള ഫീസ്-10,000/-രൂപ ക്ലാസിന്റെ ഭാഗമായി ഭക്ഷണം- 30,000/-രൂപ, നോട്ട് ബുക്ക്, പെൻ എന്നിവ വിതരണം ചെയ്തതിന് 8000/- രൂപ ഫോട്ടോ, ബാനർ എന്നിവക്ക് 2000 രൂപ എന്നിങ്ങനെയാണ് തുക ചെലവഴിച്ചിരിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് (കൈ) നം-22/2018 /ത.സ്വ.ഭ.വ, തിരുവനന്തപുരം തി.14/02/2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 7.4.4 പ്രകാരമാണ് കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ് എന്ന പദ്ധതി നടപ്പിലാക്കാവുന്നത്. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരം തദ്ദേശസ്ഥാപനത്തിലെ സ്കൂളുകളിൽ കൗമാരക്കാർക്ക് കൗൺസിലിംഗ് ഉറപ്പാക്കുംവിധം കൗൺസിലർമാരുടെ ആവശ്യകത നിർണ്ണയിച്ച് ആവശ്യമെങ്കിൽ കരാർ അടിസ്ഥാനത്തിൽ കൗൺസിലർമാരെ നിശ്ചയിക്കാനാണ് അനുവദിച്ചിട്ടുള്ളത്. ഇതാകട്ടെ നഗരസഭകൾക്കും ജില്ലാപഞ്ചായത്തുകൾക്കും മാത്രമാണ് ബാധകമായിട്ടുള്ളത്. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണും ജില്ലാ സാമൂഹ്യനീതി ഓഫീസർ കൺവീനറുമായ ജില്ലാതല ഓഫീസർമാർ അടങ്ങുന്ന സമിതിയാണ് ഈ പ്രവർത്തനങ്ങൾ ചെയ്യേണ്ടത്. കൂടാതെ വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 8.4 പ്രകാരം തദ്ദേശസ്ഥാപനങ്ങൾ ഉത്പാദനപരമല്ലാത്ത ബോധവത്ക്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, സെമിനാറുകൾ എന്നിവ വികസനഫണ്ട് ഉപയോഗിച്ച് നടപ്പാക്കാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്. ഈ പദ്ധതിയിൽ ക്ലാസ്സുകൾ നയിച്ചത് പഞ്ചായത്തിലെ സ്കൂളുകളിലെ കൗൺസിലർമാരുൾപ്പടെയാണ്. വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പുകൾ സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുള്ള കൗൺസിലർമാർ വഴി കൗമാരക്കാരായ കുട്ടികൾക്ക് കൗൺസിലിംഗ് സേവനം ലഭ്യമായിരിക്കെ രണ്ട് ദിവസം ഗ്രാമപഞ്ചായത്തിൽ വച്ച് ക്ലാസ്സുകൾ നടത്തിയത് വഴി വികസനഫണ്ടിൽ നിന്നും മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമല്ലാതെ തുക ചെലവഴിക്കാനിടയാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടില്ലാത്ത പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-2 തീയതി 10/12/2021) ശലഭ ശില്പശാല എന്ന പ്രോഗ്രാമാണ് കൗൺസിലിംഗിന് പകരമായി നടത്തിയത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖ തദ്ദേശസ്ഥാപനങ്ങൾ ഉത്പാദനപരമല്ലാത്ത ബോധവത്ക്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, സെമിനാറുകൾ എന്നിവ വികസനഫണ്ട് ഉപയോഗിച്ച് നടപ്പാക്കാൻ

പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുള്ളപ്പോൾ സർക്കാർ മുൻകൂർ അനുമതി ഉറപ്പാക്കാതെ പദ്ധതി നടപ്പാക്കിയത് ക്രമപ്രകാരമല്ല. കൂടാതെ ഈ പദ്ധതിയുടെ ആകെ ചെലവിന്റെ 80% ഭക്ഷണച്ചെലവുകൾക്കായാണ് വിനിയോഗിക്കപ്പെട്ടത്. സർക്കാർ മാനദണ്ഡങ്ങൾ പ്രകാരമല്ലാതെ പദ്ധതികൾ ഏറ്റെടുക്കുന്ന പക്ഷം സർക്കാരിൽ നിന്നും മുൻകൂർ അനുമതി ഉറപ്പാക്കിയ ശേഷം മാത്രം പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 അനുപൂരക പോഷകാഹാരപദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന് ബാധകമല്ലാത്ത ജി.എസ്.ടി ചുമത്തിയത് മൂലം അധിക ചെലവ്

ഐ.സി.ഡി.എസ്. സൂപ്പർവൈസർ 2019-20 വർഷം നടപ്പിലാക്കിയ അനുപൂരക പോഷകാഹാര പദ്ധതിയുടെ (പ്രോജക്ട് നം-48/2020) ഭാഗമായി അംഗൻവാടികളിൽ കി.ഗ്രാമിന് 70 രൂപ നിരക്കിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് കീഴില്ലം ഓജസ് ന്യൂട്രിമിക്സ് ആക്റ്റിവിറ്റി ഗ്രൂപ്പാണ്. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമ നം. 66 ക്ലോസ് (B) (Ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി. ബാധകമല്ല എന്ന കാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ അശമന്നൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം 5% ജി.എസ്.ടി. ചുമത്തിയതായി കാണുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം | ന്യൂട്രിമിക്സിന്റെ വില | ചുമത്തിയ ജി.എസ്.ടി | ചെലവ് വിവരം |
|---|---|---|---|---|
| 1 | 134/10.01.2019 | 39060 | 1952.00 | ട്രഷറി ബിൽ 03/24.7.2019 |
| 2 | 131/21.02.2019 | 42420 | 2120.00 | |
| 3 | 135/10.03.2019 | 41580 | 2078.00 | |
| 4 | 05/22.04.2019 | 39060 | 1952.00 | |
| 5 | 15/05/2019 | 35280 | 1764.00 | |
| 6 | 22/20.06.2019 | 34230 | 1710.00 | |
| 7 | 31/11.07.2019 | 31500 | 1574.00 | ട്രഷറി ബിൽ 04/10.10.2019 |
| 8 | 36/15.08.2019 | 36540 | 1826.00 | |
| 9 | 48/07.09.2019 | 34860 | 1742.00 | ട്രഷറി ബിൽ 08/07.12.2019 |
| 10 | 61/25.10.2019 | 42840 | 2142.00 | |
| 11 | 86/01.01.2020 | 47250 | 2362.00 | Central Share ചെക്ക് നം.396315 തി.17.03.2020 |
| 12 | 73/26.11.2019 | 43260 | 2162.00 | |
| 13 | 77/12.12.2019 | 12810 | 640.00 | |
| | ആകെ | | 24024.00 | |

അങ്കണവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും 24024 രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ അങ്കണവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി. നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി. യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ നൽകിയ ജി.എസ്.ടി. റീഫണ്ടായി വിതരണക്കാർക്ക് ലഭിക്കുന്നതിന് സാധ്യതയുണ്ട്. ജി.എസ്.ടി. റീഫണ്ട് ലഭിക്കുന്നമുറയ്ക്ക് ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും നൽകിയ തുക തിരികെ ലഭിക്കുന്നത് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസി. എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിശ്ചിത മാതൃകയിലുള്ള ക്യാഷ് ബുക്ക് (ടി ആർ 7A) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(2) പ്രവൃത്തികൾ ടെണ്ടർ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള പ്രിലിമിനറി എഗ്രിമെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്ക് സ്റ്റാമ്പ് പേപ്പർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

(3) ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(Ii) ടെണ്ടർ സ്വീകരിച്ച തീയതി, സമയം എന്നിവ രേഖപ്പെടുത്തുന്നില്ല.

(Iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(4) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(5) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(6) കരാറുകാർക്ക് നൽകുന്ന സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/20-21/15.12.21) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-33 കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട്, 1996 പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന KBOCWW ഇനത്തിലുള്ള തുകയുടെ 1%തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. എന്നാൽ ഇത്തരത്തിലൊരു കളക്ഷൻ ചാർജ് നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്നും ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/20-21/13.12.21) ലഭിച്ച മറുപടിയിൽ പ്രസ്തുത ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി ഇനത്തിൽ ലഭിക്കുവാനുള്ള തുക തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-34 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തുന്നില്ല - കാലഹരണപ്പെട്ട നിക്ഷേപങ്ങളുടെ വിവരം ലഭ്യമല്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത് മൂന്ന് സാമ്പത്തിക വർഷങ്ങൾക്ക ശേഷവും തിരികെ നൽകാത്ത സാഹചര്യത്തിൽ പ്രസ്തുത ഡെപ്പോസിറ്റ് തുകകൾ കാലഹരണപ്പെട്ടതായി കണക്കാക്കേണ്ടതും ആയത് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഓരോ ഇനത്തിലും ലഭിച്ചതും, തിരികെ നൽകിയതുമായ തുകകൾ പ്രത്യേക പേജുകളിലായി രേഖപ്പെടുത്തുകയോ, ആകെ തുക കൂട്ടി എഴുതുകയോ, വർഷാന്ത്യത്തിൽ ഓരോ ഇനത്തിന്റെയും സംക്ഷിപ്ത വിവരം രേഖപ്പെടുത്തുകയോ, നീക്കിയിരുപ്പ് തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ B-7 ഷെഡ്യൂൾ പ്രകാരം 31.3.2020 ലെ നീക്കിയിരുപ്പ് തുക 1770503/- രൂപയാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതിയിട്ടില്ലാത്തതിനാൽ നീക്കിയിരുപ്പ് തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ കാലഹരണപ്പെട്ട തുകയുടെ വിവരങ്ങൾ കണക്കാക്കാൻ സാധിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിലെ അപാകതകൾ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം.2/20-21/9.12.21)നൽകിയത് പ്രകാരം 20-21 വർഷത്തെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി ഹാജരാക്കി. എന്നാൽ 19-20 വർഷത്തെ വിവരങ്ങൾ നിലവിലും കൃത്യമാക്കിയിട്ടില്ല. രജിസ്റ്റർ പൂർണ്ണമാക്കേണ്ടതും, ടി നീക്കിയിരുപ്പിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ കൃത്യമായി കണക്കാക്കി പഞ്ചായത്തിന്റെ റവന്യ അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-35 ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസി.എഞ്ചിനിയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്കും, ജി.എസ്.ടി തുക ബന്ധപ്പെട്ട ഹെഡിലേയ്ക്കും തിരിച്ചടയ്ക്കേണ്ടതാണ്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/20-21/13.12.21)അസി. എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ടി ഇനത്തിൽ നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-36 പൂമല എസ്.സി കോളനി നവീകരണം രണ്ടാം ഘട്ടം - കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിക്കാതിരുന്നത് മൂലം അധിക ചെലവ്

പ്രസ്തുത പദ്ധതിയ്ക്കായി ടെണ്ടർ ക്ഷണിച്ചത് പ്രകാരം ലഭ്യമായ ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിരുന്നത് ശ്രീ. സുഗതൻ.സി.വി (എസ്റ്റിമേറ്റിൽ 1% കുറവ്) എന്നയാളാണ്. ടെണ്ടർ രജിസ്റ്ററിൽ Successful Tenderer ആയി രേഖപ്പെടുത്തിയിട്ടുള്ളതും ശ്രീ. സുഗതൻ എന്നയാളുടെ പേരാണ്. എന്നാൽ പ്രവൃത്തി കരാർ നൽകിയിട്ടുള്ളത് എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. സജീവ് എം.എസ്. എന്ന കരാറുകാരനാണ്. അംഗീകരിച്ച ടെണ്ടർ നിരക്കിൽ പ്രവൃത്തി നിർവ്വഹിക്കാതിരുന്നത് മൂലം 2273/- രൂപ അധിക ചെലവായി. വിശദ വിവരം ഖണ്ഡിക 3-4 ൽ ചേർത്തിട്ടുണ്ട്.

## 1-37 ഓഡിറ്റ് ഇംപാക്ട്

വീട് വാസയോഗ്യമാക്കൽ - ജനറൽ -അധിക തുക ചെലവഴിച്ചത് തിരികെ ഈടാക്കി (പ്രോജക്ട് നം-171/2020 (S.O))

നിർവ്വഹണം- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ.

ഈ പദ്ധതി പ്രകാരം വീട് വാസയോഗ്യമാക്കൽ (ജനറൽ) വിഭാഗത്തിലെ ഗുണഭോക്താവിന് 20,000 രൂപയുടെ ധനസഹായമാണ് നൽകിയിട്ടുള്ളത്. ധനസഹായത്തിന്റെ പകുതി അഡ്വാൻസായി നൽകുകയും ബാക്കി തുക മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കുമ്പോൾ അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്. പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ ശ്രീ.സെയ്ത് മുഹമ്മദ്, അപ്പക്കൽ, മേതല പി.ഒ എന്ന ഗുണഭോക്താവിന് പദ്ധതി പ്രകാരം 30,000/- രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്. ഗുണഭോക്താവിന് അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (20 തീ 20/12/2021) നല്കിയത് പ്രകാരം 21/12/2021 ലെ 121020102130 നമ്പർ രസീതി പ്രകാരം 10,000 രൂപ ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ട്. ഈ തുക വികസനഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പി.എസ്.സി പരിശീലനം -മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പിലാക്കി

1)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തൊഴിൽ രഹിതരായ യുവതി യുവാക്കൾക്ക് പി.എസ്.സി പരിശീലനം |
| പ്രോജക്ട് നമ്പർ അടങ്കൽ, ഫണ്ട് | S0177/19-20, 81680, വികസനഫണ്ട് |
| നിർവ്വഹണം | ഹെഡ്മിസ്ട്രസ്, ഗവ. UPS, അശമന്നൂർ |
| ചെലവു വിവരം | ബിൽ നമ്പർ 3 /08.11.19, രൂപ -34666/- |

2)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തൊഴിൽ രഹിതരായ യുവതി യുവാക്കൾക്ക് പി.എസ്.സി പരിശീലനം |
| പ്രോജക്ട് നമ്പർ ,അടങ്കൽ ,ഫണ്ട് | S00038/19-20, 150000, തനത് ഫണ്ട് |
| നിർവ്വഹണം | ഹെഡ്മിസ്ട്രസ്, ഗവ. UPS, അശമന്നൂർ |
| ചെലവു വിവരം | ബിൽ നമ്പർ 5 /20-3-19, രൂപ -30320/-<br>5 /20-3-19, രൂപ – 38000/- |

തൊഴിൽരഹിതരായ യുവതി യുവാക്കൾക്ക് പി.എസ്.സി പരിശീലനം കൊടുക്കുന്നതിന് പരിശീലകരെ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ ക്ഷണിച്ചതിൽ വിദ്യാ ജ്യോതി, പെരുമ്പാവൂർ എന്ന സ്ഥാപനത്തെ തെരെഞ്ഞെടുത്തിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി 2018-19 സാമ്പത്തിക വർഷത്തിൽ എസ് 0018/2019 പ്രോജക്ട് പ്രകാരം 2018 ഒക്ടോബർ മുതൽ 2019 മാർച്ച് വരെയുള്ള ചെലവ് (പ്രോ.നം 177/2019-20) സ്പിൽ ഓവർ പ്രോജക്ടായും തൻ വർഷത്തിലും, ഈ പദ്ധതിയുടെ തുടർ നടത്തിപ്പിന്റെ ഭാഗമായി 2019 ഏപ്രിൽ മുതൽ 2020 മാർച്ച് വരെ 55 പേർക്ക് പരിശീലനം നൽകിയതിന് തൻവർഷം 47020/-രൂപ സ്ഥാപനത്തിനും പരിശീലനത്തിൽ പങ്കെടുത്ത വിദ്യാർത്ഥിനികൾക്ക് ലഘുഭക്ഷണം നൽകിയതിന് 32220/-രൂപയും ഉൾപ്പെടെ ആകെ 79240/-രൂപ ചെലവഴിച്ചിട്ടുണ്ട്.

സ.ഉ (കൈ) നം.22/2018 ത.സ്വ.ഭ.വ തീയതി 11.02.2018-ാം നമ്പർ സബ്സിഡി മാർഗരേഖ, ഖണ്ഡിക 8.5 പ്രകാരം പരിശീലനത്തിന് മാത്രമായി പ്രോജക്ടുകൾ പാടില്ല എന്ന നിർദ്ദേശമുള്ളപ്പോഴാണ് ഇത്തരത്തിൽ പ്രോജക്ട് ഏറ്റെടുത്ത് തുക ചെലവഴിച്ചിരിക്കുന്നത്. വികസന പ്രോജക്ടിന്റെ ഭാഗമായും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായും പരിശീലന പരിപാടികൾ നടത്താവുന്നതാണ്. നൂതന പ്രോജക്ടുകൾ ഏറ്റെടുക്കാമെങ്കിലും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയിൽപ്പെടുന്നതായിരിക്കണം. തൊഴിൽരഹിതരായ യുവതി യുവാക്കൾക്ക് പി.എസ്.സി. പരിശീലനം കൊടുക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയിൽപ്പെടുന്നതല്ല. അതിനാൽ ഇത്തരത്തിൽ തുക ചെലവഴിച്ചത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 14.12.2021ൽ നല്കിയ 13-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തൊഴിൽ മേഖല കരുത്താർജ്ജിക്കുന്നത് ഒരു പ്രദേശം മാത്രമല്ല അതുമൂലം സമൂഹം ആകെയാണെന്നും ബിരുദവും ബിരുദാനന്തര ബിരുദവും കരസ്ഥമാക്കിയിട്ടും തൊഴിലില്ലായ്മയെന്ന പ്രശ്നം നേരിടുന്ന ഒരു സമൂഹത്തെ കൈപ്പിടിച്ചുയർത്തുകയാണ് പി.എസ്.സി. പരിശീലനത്തിലൂടെ സാധ്യമാക്കുന്നതെന്നും ഇതിലൂടെ തൊഴിൽ ലഭിച്ച ധാരാളം വ്യക്തികൾ പഞ്ചായത്തിലുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത്. സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതികൾ സ്പോൺസർഷിപ്പിലൂടെ ഏറ്റെടുത്ത് നടത്തുവാനാണ് ശ്രമിക്കേണ്ടത്. ആയതിനാൽ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി തുക ചെലവഴിച്ച 79240/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

### 3-2 പ്രഭാത ഭക്ഷണം നല്കൽ - ഫണ്ട് നിയമാനുസൃതമല്ലാതെ ചെലവഴിച്ചു.

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 27/19-20, ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നല്കൽ |
| അടങ്കൽ, ഫണ്ട് | 100000/-, വികസന ഫണ്ട് (പൊതുവിഭാഗം)<br>തനത് ഫണ്ട് 29740/- |

| | |
|---|---|
| ബില്ല് നം, തീയതി, ചെലവ് | 03/19-20 തീ.30.07.2019 ,25740/-<br>04/19-20 തീ.18.09.2019 ,27960<br>05/19-20 തീ.06.02.2020 ,30120<br>16/19 -20തീ.18.01.2020 ,16180/-<br>ആകെ ചെലവ് 100000/-<br>605910 (ചെക്ക് നം.) തീയതി 27.02.2020,<br>തുക – 29600/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

അശമന്നൂർ ഗവൺമെന്റ് യു. പി. സ്കൂളിൽ മേൽ സൂചിത പ്രോജക്ട് പ്രകാരം ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകിയിട്ടുണ്ട്. മേൽ പ്രോജക്ടിന് വികസന ഫണ്ട് (പൊതുവിഭാഗം) 100000/- രൂപയും തനത് ഫണ്ട് 29600 രൂപയുമുൾപ്പെടെ 129600/-രൂപ അസിസ്റ്റന്റ് സെക്രട്ടറി അശമന്നൂർ ഗ്രാമപഞ്ചായത്ത് വഴി ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ 7.8.3 ഭക്ഷണവിതരണ പരിപാടികൾ എന്ന ഖണ്ഡികയിൽ പ്രസ്തുത പദ്ധതിക്കുള്ള തുക പഞ്ചായത്ത് തനതുഫണ്ടിൽ നിന്നോ, സ്പോൺസർഷിപ്പിലൂടെയോ, അദ്ധ്യാപക-രക്ഷകർതൃ സമിതികൾ വഴിയോ കണ്ടെത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഇത്തരത്തിലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ പാടില്ലായെന്നിരിക്കെ ഈ പ്രോജക്ട് നടപ്പിലാക്കിയതിന് വിശദീകരണം നല്കുവാനും, ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് ഒരു ദിവസം പ്രഭാത ഭക്ഷണത്തിന് മാത്രം ഒരു കുട്ടിക്ക് 60/- രൂപ നിരക്കിൽ നല്കാമെന്ന ശ്രീമതി കൃഷ്ണകുമാരി, പുതുക്കാട്ടുകുടി, അശമന്നൂർ പി.ഒ. എന്ന വ്യക്തി സമർപ്പിച്ച ക്വട്ടേഷൻ 21.06 2019 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 2(19) തീരുമാന പ്രകാരം അംഗീകരിക്കുകയും, ആയതിന്റെ ക്വട്ടേഷൻ ക്ഷണിച്ചത് സംബന്ധിച്ച ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെടുകയും ചെയ്തുകൊണ്ട് 16.12.2021 ൽ നല്കിയ 17-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ഈ പദ്ധതി പ്രകാരം ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നല്കിയതിന് ശ്രീമതി കൃഷ്ണകുമാരി, പുതുക്കാട്ടുകുടി, അശമന്നൂർ പി.ഒ. എന്ന വ്യക്തി സമർപ്പിച്ച 129600 രൂപയുടെ ചെലവ് രേഖ (വെള്ളപേപ്പറിൽ എഴുതി തയ്യാറാക്കിയത്) മേൽ ബിൽ പ്രകാരം ടിയാരിക്ക് നല്കിയിട്ടുണ്ട്. എന്നാൽ ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നല്കിയത് സ്കൂളിൽ തന്നെ തയ്യാറാക്കിയാണെന്നും, ആയതിനാവാശ്യമായ സാധന സാമഗ്രികൾ തങ്ങൾ തന്നെ വാങ്ങുകയായിരുന്നവെന്നും, ആയതിന്റെ ബില്ല് യഥാസമയം ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥയ്ക്ക് നല്കിയിട്ടുണ്ടെന്നും, ശ്രീമതി കൃഷ്ണകുമാരി, പുതുക്കാട്ടുകുടി, അശമന്നൂർ പി.ഒ എന്ന വ്യക്തി ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നല്കിയിട്ടില്ലെന്നും ബഡ്സ് സ്കൂൾ പ്രിൻസിപ്പാൾ കത്ത് മുഖാന്തരം അറിയിച്ചിട്ടുണ്ട്. വികസന ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുവാൻ പാടില്ലായെന്നിരിക്കെ ക്വട്ടേഷൻ സമർപ്പിച്ചതായി രേഖകളൊന്നുമില്ലാതെ കൃത്രിമമായി നോട്ട് ഫയൽ തയ്യാറാക്കുകയും പ്രഭാതഭക്ഷണം നല്കിയെന്ന് വെള്ളപേപ്പറിൽ എഴുതിയുണ്ടാക്കിയ രേഖപ്രകാരം കൃഷ്ണകുമാരി, പുതുക്കാട്ടുകുടി, അശമന്നൂർ പി.ഒ എന്ന വ്യക്തിയുടെ അക്കൗണ്ട് നമ്പറായ 67188410299 ലേക്ക് അസിസ്റ്റന്റ് സെക്രട്ടറി മേൽ ബില്ല് പ്രകാരം തുക നല്കുകയായിരുന്നു.

ബഡ്സ് സ്കൂൾ പ്രിൻസിപ്പാളിനെ നേരിൽ കേൾക്കുകയും, ഓഡിറ്റിനായി ലഭ്യമാക്കിയ മറുപടിയിൽ, വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം സ്കൂളിൽ തന്നെ പാകം ചെയ്ത് നല്കുകയായിരുന്നെന്നും ഇതിനായി 73400 രൂപ മാത്രമേ ചെലവായിട്ടുള്ളൂവെന്നും, ആയതിന്റെ ചെലവ് രേഖകൾ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥയ്ക്ക് നല്കിയിരുന്നെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബഡ്സ് സ്കൂൾ പ്രിൻസിപ്പാൾ നല്കിയെന്ന് പറയപ്പെടുന്ന ചെലവ് രേഖകൾ ഓഡിറ്റിനായി ഹാരാക്കിയിട്ടില്ല. ഈ പദ്ധതിയുടെ നടത്തിപ്പുമായും ബന്ധപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥ നടത്തിയ സാമ്പത്തിക ക്രമക്കേടിന്റെയും, മറ്റ് രണ്ട് പദ്ധതി നടത്തിപ്പിലെ അപാകതകളുടെ അടിസ്ഥാനത്തിലും പഞ്ചായത്ത് കമ്മറ്റിയുടെ 04.08.2020 ലെ അടിയന്തരയോഗത്തിലെ 1-ാം നമ്പർ തീരുമാനപ്രകാരം നിർവ്വഹണോദ്യോഗസ്ഥയെ സസ്പെന്റ് ചെയ്തിട്ടുണ്ട്. ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നല്കിയ ഇനത്തിൽ ബഡ്സ് സ്കൂൾ പ്രിൻസിപ്പാൾ സമർപ്പിച്ച യഥാർത്ഥ ചെലവ് 73400/- രൂപ മാത്രമായിരിക്കെ 129600 രൂപയാണ് അസി.സെക്രട്ടറി ക്രമ വിരുദ്ധമായി മാറി എടുത്തിട്ടുള്ളത്. ആയതിനാൽ അധികം ചെലവഴിച്ച 56200/- രൂപ തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് (21 /20.12.2021) സെക്രട്ടറിക്ക് നല്കിയ മറ്റൊരു ഓഡിറ്റ് അന്വേഷണക്കുറിപ്പിനും മറുപടി ലഭ്യമാക്കിയില്ല.

കൃത്യമായ രേഖകൾ ലഭ്യമാക്കാത്തതിനാൽ ശാരിരീകമായും മാനസീകമായും പിന്നാക്കം നില്ക്കുന്ന ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നല്കൽ എന്ന പ്രോജക്ടിന്റെ പേരിൽ നിർവ്വഹണോദ്യോഗസ്ഥ ചെലവഴിച്ച 129600/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് വകുപ്പുതല അന്വേഷണത്തിനും ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

## 3-3 ബഡ്സ് സ്കൂൾ യാത്ര സൗകര്യം -ചെലവ് രേഖകൾ കൃത്രിമമായി ചമച്ചു

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ്.0024/2019-20 ബഡ്സ് സ്കൂൾ യാത്ര സൗകര്യം |

| | |
|---|---|
| അടങ്കൽ ,ഫണ്ട്, | 150000, വികസനഫണ്ട് (പൊതുവിഭാഗം) |
| ബിൽ നം, തീയതി, ചെലവ് | 02/19-20, 20.07.2019, 41416<br>08/19-20, 13.12.2020 52795<br>19/19-20, 27.02.2020, 20544<br>21/19-20, 17.03.2020, 20160<br>ആകെ 134915/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പ്രോജക്ട് പ്രകാരം ബഡ്സ് സ്കൂൾ കുട്ടികളുടെ യാത്ര സൗകര്യം ഒരുക്കുന്നതിന് വേണ്ടി 134915/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ ബഡ്സ് സ്കൂൾ വാഹനത്തിന്റെ ഇന്ധനച്ചെലവായി 20544/-രൂപ ചെലവഴിച്ചതിന്റെ വൗച്ചർ ഹാജരാക്കിയിട്ടുണ്ട്. 29.09.2019 മുതൽ 30.10.2019 വരെ KL-40E-9567നമ്പറുള്ള ബഡ്സ് സ്കൂൾ വാഹനം റിപ്പയർ ചെയ്യുന്നതിന് വേണ്ടി വർക്ക്ഷോപ്പിൽ ആയിരുന്നതിനാൽ ബഡ്സ് സ്കൂൾ കുട്ടികളുടെ യാത്ര സൗകര്യം ഒരുക്കുന്നതിന് വേണ്ടി 01.10.2019 മുതൽ 30.10.2019 വരെ കെ.എൽ 39A- 9725 നമ്പറുള്ള ഓട്ടോ പ്രതിദിനം 1120/- രൂപ വാടകനിരക്കിൽ എടുത്ത് 18 ദിവസം ഓടിയതിന് 20160 രൂപ വൗച്ചർ പ്രകാരം കൊടുത്തിട്ടുണ്ട്. എന്നാൽ ഈ വാഹനം ബഡ്സ് സ്കൂൾ കുട്ടികളുടെ യാത്ര സൗകര്യം ഒരുക്കുന്നതിന് വേണ്ടി ഏറ്റെടുത്തതിന്റെ നടപടിക്രമങ്ങൾ ഫയലിൽ നിന്ന് വ്യക്തമല്ല. ആയത് ഓഡിറ്റിനായി ഹാജരാക്കേണ്ടതാണെന്നും കൂടാതെ (41416+52795) 94211/- രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് കൊണ്ട് 13.12.2021ൽ നല്കിയ 6-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളിലെ പ്രിൻസിപ്പാളിന്റെ പേരിൽ അസിസ്റ്റന്റ് സെക്രട്ടറി 20.03.2020 ൽ 20160/-രൂപ ഓട്ടോ ചാർജ്ജിനത്തിൽ നല്കിയിട്ടുള്ളതായി ഓഡിറ്റ് പരിശോധനയിൽ വ്യക്തമായതിനെത്തുടർന്ന് ഇതുമായി ബന്ധപ്പെട്ട് ബഡ്സ് സ്കൂളിലെ ക്രയവിക്രയങ്ങൾ നടത്തുന്ന ബാങ്ക് പാസ് ബുക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയും പാസ് ബുക്കുമായി ബന്ധപ്പെട്ട് 20.12.2021ൽ ബഡ്സ് സ്കൂളിലെ പ്രിൻസിപ്പാളിന് നല്കിയ 21-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് താഴെച്ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കി.

1) ബഡ്സ് സ്കൂളിന്റെ പ്രവർത്തനങ്ങൾക്കായി നിലവിൽ വികസന മാനേജ്മെന്റ് സമിതിയുടെ പേരിൽ 67213158538 എസ്.ബി.ഐ അക്കൗണ്ടും നൂൺ മീൽ നല്കുന്നതിനായി 67137167071എസ്.ബി.ഐ. അക്കൗണ്ടും ഉപയോഗിക്കുന്നുണ്ട്. അങ്ങനെയിരിക്കെ 20.02.2020 ൽ എസ്.ബി.ഐയിൽ (അക്കൗണ്ട് നം 39136871421) പുതിയൊരു അക്കൗണ്ട് തുടങ്ങിയതിന് വിശദീകരണം നൽകേണ്ടതാണെന്നതിന് അസിസ്റ്റന്റ് സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരമാണ് പുതിയ അക്കൗണ്ട് ആരംഭിച്ചതെന്നാണ് മറുപടി ലഭ്യമാക്കിയത്. നിലവിൽ ബഡ്സ് സ്കൂളിന്റെ പ്രവർത്തനങ്ങൾക്കായി രണ്ട് ബാങ്ക് അക്കൗണ്ടുകൾ ഉള്ളപ്പോൾ അസിസ്റ്റന്റ് സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം പ്രിൻസിപ്പാളിന്റെ പേരിൽ അക്കൗണ്ട് ആരംഭിച്ചത് ക്രമവിരുദ്ധമാണ്.

2) 20.02.2020 ൽ ആരംഭിച്ച (എസ്.ബി.ഐ അക്കൗണ്ട് 39136871421 ) അക്കൗണ്ടിൽ നിന്നും 13.04.2020 ൽ അസിസ്റ്റന്റ് സെക്രട്ടറിയായ ജാസ്മിൻ അഹമ്മദിന്റെ പേരിൽ 7000/- രൂപ ഫണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതായി കാണുന്നു. ആയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടതിന് ബഡ്സ് സ്കൂളിലെ പൈപ്പ് പൊട്ടിയതിന് ചെലവായ തുക അസിസ്റ്റന്റ് സെക്രട്ടറി സ്വന്തം കൈയ്യിൽ നിന്ന് നല്കിയതിനാലാണ് ഈ അക്കൗണ്ടിൽ നിന്ന് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതെന്ന് മറുപടി ലഭ്യമാക്കിയത്.

3) 13.04.2020 ൽ അസിസ്റ്റന്റ് സെക്രട്ടറിയായ ജാസ്മിൻ അഹമ്മദിന്റെ പേരിൽ 7000/- രൂപ ഫണ്ട് ട്രാൻസ്ഫർ ചെയ്തതിന് ശേഷം പലിശയടക്കം ബാക്കി വന്ന 13772 രൂപ 08.11.2021 പിൻവലിച്ച് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ളതായും കാണുന്നു. പിൻവലിച്ച 13772/- രൂപയുടെ വിവരം ലഭ്യമാക്കേണ്ടതാണെന്നതിന് നൂൺ മീൽ നല്കുന്നതിനായി 67137167071എന്ന നമ്പറിലുള്ള എസ്.ബി.ഐ അക്കൗണ്ടിൽ നിന്നും ബാങ്ക് ചാർജ്ജായി നിരന്തരം തുക ഈടാക്കുന്നതിനാലാണ് അക്കൗണ്ട് ക്ലോസ് ചെയ്തതാണെന്നാണ് മറുപടി ലഭ്യമാക്കിയത്. അക്കൗണ്ട് ക്ലോസ് ചെയ്ത് തുക കൈവശം വച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

4) 2019-20 സാമ്പത്തിക വർഷത്തിൽ ബഡ്സ് സ്കൂളിലെ 34 കുട്ടികളിൽ അശമന്നൂർ ഗ്രാമപഞ്ചായത്തിലേയും തൊട്ടടുത്തുള്ള ഗ്രാമപഞ്ചായത്തിലേയും വിവിധ സ്ഥലങ്ങളിൽ നിന്നുള്ളവരുമാണ്. ഈ കുട്ടികളെ കെ.എൽ 39എ-9725 എന്ന ഓട്ടോയിൽ സമയബന്ധിതമായി എങ്ങനെ എത്തിച്ചുവെന്നതിനും വിശദീകരണം നൽകേണ്ടതാണെന്നതിന് കുട്ടികളെ സ്വന്തം നിലയിൽ മാതാപിതാക്കളുടെ സഹായത്തോടെ ബഡ്സ് സ്കൂളിൽ എത്തിക്കുകയായിരുന്നുവെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ കുട്ടികളെ കെ.എൽ 39എ-9725 എന്ന ഓട്ടോയിൽ എത്തിച്ചുവെന്നത് കൃത്രിമമായി കെട്ടിച്ചമച്ചതാണെന്നും, ഈയിനത്തിൽ ലഭ്യമായ ഫണ്ട് ക്രമവിരുദ്ധമായി ക്രയവിക്രയം ചെയ്യുന്നതിനായാണ് ബഡ്സ് സ്കൂളിലെ പ്രിൻസിപ്പിളിന്റെ പേരിൽ 20.02.2020 ൽ എസ്.ബി.ഐയിൽ (അക്കൗണ്ട്നം 39136871421) പുതിയൊരു അക്കൗണ്ട് ആരംഭിച്ചതെന്നും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും 20160/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-4 പൂമല എസ്.സി കോളനി നവീകരണം രണ്ടാം ഘട്ടം - കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിക്കാതിരുന്നത് മൂലം അധിക ചെലവ്

| | |
|---|---|
| പ്രോജക്ട് നമ്പർ | : 199/19 |
| പ്രോജക്ടിന്റെ പേര് | : പൂമല എസ്.സി. കോളനി നവീകരണം രണ്ടാം ഘട്ടം |
| നിർവ്വഹണഉദ്യോഗസ്ഥൻ | : അസി.എഞ്ചിനീയർ |
| കരാറുകാരൻ | : സജീവ്.എം.എസ് |
| ചെലവ് വിവരം | : 227291/- |
| എം.ബുക്ക് നം. | : 454/18-19 |
| ചെക്ക് നം. | : 3/8.5.2019- 175369/-<br>8/23.12.2019 – 51922/- |

പ്രസ്തുത പദ്ധതിയ്ക്കായി ടെണ്ടർ ക്ഷണിച്ചത് പ്രകാരം ലഭ്യമായ ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിരുന്നത് ശ്രീ. സുഗതൻ.സി.വി. (എസ്റ്റിമേറ്റിൽ 1% കുറവ്) എന്നയാളാണ്. ടെണ്ടർ രജിസ്റ്ററിൽ Successful Tenderer ആയി രേഖപ്പെടുത്തിയിട്ടുള്ളതും ശ്രീ.സുഗതൻ എന്നയാളുടെ പേരാണ്. എന്നാൽ പ്രവൃത്തി കരാർ നൽകിയിട്ടുള്ളത് എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. സജീവ് എം.എസ്. എന്ന കരാറുകാരനാണ്. അംഗീകരിച്ച ടെണ്ടർ നിരക്കിൽ പ്രവൃത്തി നിർവ്വഹിക്കാതിരുന്നത് മൂലം 2273/- രൂപ അധിക ചെലവായി. വിശദ വിവരം താഴെ ചേർക്കുന്നു.

പ്രവൃത്തിമൂല്യം - 227291/-

അംഗീകരിച്ച നിരക്ക് - 1% കുറവ് = 227291x 1% = 2273/- രൂപ

അധികചെലവ് = 2273/- രൂപ

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/19-20/21.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ വിരുദ്ധമായി ചെലവഴിച്ച 2273/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 260000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (P-50/20) | 260000 |
| | 2019-20 | 125000 | പാലിന് സബ്സിഡി (P-66/20) | 125000 |
| | 2019-20 | 300000 | ലൈഫ് ജനറൽ (P-59/20) | 300000 |
| | 2019-20 | 105000 | ലൈഫ് -എസ്.സി (P-169/20) | 105000 |
| | 2019-20 | 99980 | ലൈഫ് -എസ്.സി (P-170/20) | 99980 |

| | | | | |
|---|---|---|---|---|
| | 2019-20 | 200000 | റോഡ് നിർമ്മാണം (P-143/20) | 200000 |
| | ആകെ | 1089980 | | 1089980 |

2.സംയുക്ത പദ്ധതികൾ- നേരിട്ട് ചെലവഴിച്ച തുക

| സ്ഥാപനം | പദ്ധതിയുടെ പേര് & നം | വരവ് തുക | ചെലവഴിച്ച തുക |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | ലൈഫ് -ഭൂമി വാങ്ങൽ 221/2020 | 34,00,000 | 34,00,000 |
| | സ്കോളർഷിപ്പ് 50/2020 | 3,00,000 | 3,00,000 |
| ആകെ | | 37,00,000 | 37,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | സ്കോളർഷിപ്പ് 50/2020 | 2,00,000 | 2,00,000 |
| | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് 46/2020 | 40,000 | 40,000 |
| | കുലിച്ചെലവ് സബ്സിഡി P-42/20 | 2,18,688 | 2,18,688 |
| ആകെ | | 2,58,688 | 2,58,688 |

ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് -ക്യാപിറ്റൽ -Rs.2,00,000/- & റവന്യൂ- Rs.15,28,668/-
ആകെ ജില്ലാപഞ്ചായത്ത് വിഹിതം ചെലവ് -റവന്യൂ- Rs.37,00,000/-

## 4-3 നിക്ഷേപ പ്രവർത്തികൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 31,15,000/-രൂപ വരവുണ്ട്. 2019-20 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| KURDFC ഭവന വായ്പ -ലൈഫ് | ജി ഒ (എം എസ്) 68/018/ തസ്വഭവ തി 18.5.2018 | 3115000 | 4620000 | 382353 | 0 | 4237647 | |

ലോൺ (ലൈഫ് ഭവനപദ്ധതി) പൊതുവിഭാഗത്തിൽ 323529/-രൂപയും ലോൺ (ലൈഫ് ഭവനപദ്ധതി) എസ്.സി വിഭാഗത്തിൽ 58824/-രൂപയും ഉൾപ്പെടെയുള്ള ജി.ഒ പ്രൊജക്ടുകൾക്കുവേണ്ടി മാറ്റിയ തുകയാണ് KURDFC ഭവന വായ്പ തിരിച്ചടവായി ചേർത്തിരിക്കുന്നത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1999-00 | 2-6 | 2005-06 | 37.1 | ഇല്ലത്തുപ്പടി ശുദ്ധജല പദ്ധതി മുൻകൂർ തുക തിരിച്ചു പിടിക്കാത്തത് | ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക സമർപ്പിച്ചു. |
| 1999-00 | 2-8 | 2005-06 | 37.2 | വനിത ഫിഷ് മാർക്കറ്റിന് ഫ്രിഡ്ജ് , ഫ്രീസർ വാങ്ങിയത് ഉപയോഗശൂന്യമായത് | -ടി- |
| 1999-00 | 2-9 | 2005-06 | 37.3 | വിവരവിനിമയ സാങ്കേതിക സർവ്വേ പദ്ധതി ലക്ഷ്യം കൈവരിക്കാത്തത് | -ടി- |
| 1999-00 | 2-10 | 2005-06 | 37.4 | ലിഫ്റ്റ് ഇറിഗേഷൻ | -ടി- |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 68697071 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51309358 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 231273 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 608831 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | ഇല്ല | 79240 | ജെസ്സി മാനുവൽ, ഹെഡ്മിസ്ട്രസ്സ്, ജി യു പി എസ്, അശമന്നൂർ പഞ്ചായത്ത് |
| 3-2 | - | 129600 | ജാസ്മിൻ അഹമ്മദ് എൻ, അസി.സെക്രട്ടറി, അശമന്നൂർ പഞ്ചായത്ത് |
| 3-3 | - | 20160 | ജാസ്മിൻ അഹമ്മദ് എൻ, അസി.സെക്രട്ടറി, അശമന്നൂർ പഞ്ചായത്ത് |
| 3-4 | | 2273 | ശ്രീമതി. അമ്പിളി.കെ.കെ, അസി.എഞ്ചിനിയർ |
| ആകെ | - | 231273 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 161370 | ജാസ്മിൻ അഹമ്മദ് എൻ. അസി.സെക്രട്ടറി, അശമന്നൂർ പഞ്ചായത്ത് |
| 1-25 | 353250 | ജാസ്മിൻ അഹമ്മദ് എൻ. അസി.സെക്രട്ടറി, അശമന്നൂർ പഞ്ചായത്ത് |
| 1-28 | 94211 | ഉദയ കെ. സെക്രട്ടറി,അശമന്നൂർ പഞ്ചായത്ത് |
| ആകെ | 255851 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| --- | ----- | ---------------- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി.ഉദയ കെ,<br>സെക്രട്ടറി | സെക്രട്ടറി,<br>പാമ്പാക്കട പഞ്ചായത്ത് | അളകാപുരി,<br>സൌത്ത് മാറാടി<br>മൂവാറ്റുപുഴ |
| ശ്രീമതി.ജാസ്മിൻ അഹമ്മദ്എൻ.<br>അസി.സെക്രട്ടറി | വേങ്ങര പഞ്ചായത്ത്,<br>മലപ്പുറം | നെല്ലിക്കൽ<br>ഹൌസ്<br>മുടിക്കൽ പി ഒ<br>പെരുമ്പാവൂർ |
| ശ്രീമതി.ജെസ്സി മാന്വൽ,<br>ഹെഡ്മിസ്ട്രസ്സ്, ജി യു പി എസ്, | ഹെഡ്മിസ്ട്രസ്സ്,<br>ജി യു പി എസ്, അശമന്നൂർ | പാണ്ടിക്കുഴി<br>ഹൌസ്<br>വേങ്ങൂർ പി.ഒ. |
| ശ്രീമതി. അമ്പിളി കെ.കെ.<br>അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ,<br>അശമന്നൂർ | കടന്തറയിൽ<br>ഹൌസ്,<br>ചെങ്ങൽ,<br>കാലടി. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | LFE(P2)139(3)/11 Dt.19.5.11 |
| 1999-00 | LFE(P2)1395(36)/11 Dt.19.5.11 |
| 2004-05 | KSA-EKM(P2)719/15 Dt.22.09.15 |
| 2005-06 | LFE(P2)1272/09 Dt.1.6.2011 |
| 2006-07 | LFE(P2)1273/11 Dt.8.3.2010/7.6.10 |
| 2007-08 | LFE(P2)2034/12 Dt.5.3.2013 |
| 2008-09 | LFE(P2)2035/12 Dt.6.3.2013 |
| 2009-10 | LFE(P2)2035/15 Dt.21.1.2016 |
| 2010-11 | LFE(P2)2035/15 Dt.21.1.2016 |
| 2011-12 | LFE(P2)2035/15 Dt.21.1.2016 |
| 2012-13 | LFE(P2)985/15 Dt.22.4.2015 |
| 2013-14 | LFE(P2)985/15 Dt.22.4.2015 |
| 2014-15 | LFE(P2)1190/16 Dt.20.7.2016 |
| 2015-16 | KSA EKM(P2)2121/16 Dt.13.12.2016 |
| 2016-17 | KSA-EKM(P2)2210/17 Dt.30.11.2017/ 16.12.2017 |
| 2017-18 | KSA EKM(P2)226/19 Dt.11.03.2019 |
| 2018-19 | KSA EKM(P2)729/2021 Dt.30.06.21/05.07.21 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്